ശ്രീവൈഷ്ണവം ഓരെളിയ സൂചിക


ஸ்ரீமதே ராமானுஜாய நம:
http://koyil.org
ஆழ்வார் எம்பெருமானார் ஜீயர் திருவடிகளே சரணம்

ഉള്ളടക്കം

ഉദ്ധേശ്യം

വായന സൂചിക
- ശ്രീവൈഷ്ണവ പരിഭാഷ
- മാദ്ധ്യമ പദങ്ങൾ
- തത്വ, സിദ്ധാന്ത പദങ്ങൾ

ആമുഖം
- വേദങ്ങൾ
- ഉപനിഷത്തുകൾ
- സ്മൃതി, ഇതിഹാസ പുരാണങ്ങൾ
- ആഴ്വാന്മാർ
- ആചാര്യന്മാർ

പഞ്ച സംസ്കാരം
- നമ്മൽ എങ്ങെനെ ശ്രീ വൈഷ്ണവരാകാം?
- ഈയഞ്ചു ശുദ്ധികളേതാണു?
- പഞ്ച സംസ്കാര ദിവസത്തന്നു നമ്മൾ എന്തു ചെയ്യണും?
- ചടങ്ങു കഴിഞ്ഞു. മോക്ഷം കിട്ടിയെന്നു ഉറപ്പായോ?
- പഞ്ച സംസ്കരിച്ച ശ്രീവൈഷ്ണവരുടെ കടമകളായവ:
- ശ്രീവൈഷ്ണവ സിദ്ധാന്ത സാരം
- പഞ്ച സംസ്കാരം ചെയ്യാൻ ആർക്കാണു അതികാരം?

ആചാര്യ ശിഷ്യ സംബന്ധം
- ശിഷ്യന് ആവശ്യമായ ഗുണങ്ങൾ
- സദാചാര്യ ഗുണങ്ങൾ
- അനുവൃത്തിപ്രസന്നാചാര്യൻ:
- ക്രുപാമാത്രപ്രസന്നാചാര്യൻ:
- ഉദ്ധാരക ആചര്യൻ:
- ഉപകാരക ആചാര്യൻ:
- സമാശ്രയണ ആചാര്യൻ
- ജ്ഞാന ആചാര്യൻ
- ഉദാഹരണങ്ങൾ:

ഗുരു പരമ്പര

- എന്തിനെ ആചാര്യന്റെ സഹായം?
- ആഴ്വാന്മാർ
- ആചാര്യന്മാർ
- ഉപദേശ രത്ന മാലയില് മൂന്നാമത്തെ രത്നം

ദിവ്യ പ്രബന്ധവും ദിവ്യ ദേശങ്ങളും

- ഭഗവാന്റെ മന:ക്ലേശം
- ആഴ്വാന്മാരുടെ അരുൾ
- ആചാര്യമാന്മാരുടെ ശ്രീസൂക്തികൾ

രഹസ്യത്രയം

- തൃമന്ത്രം = അഷ്ടാക്ഷരം = എട്ടെഴുത്തു മന്ത്രം
- ദ്വയം = രണ്ടടി മന്ത്രം
- ചരമ ശ്ലോകം
- ഈ മൂന്നു രഹസ്യങ്ങൾക്കിടയില് രണ്ടു വിധ സംഭന്ധം
- പൂറുവർ പ്രിയപ്പെട്ട ദ്വയം

തത്വത്രയം

- ചിത്ത്
- അചിത്ത്
- ഈശ്വരൻ
- ഈ മൂന്നു തത്വങ്ങൾക്കും പൊതുവായത്:
- ഈ മൂന്നു തത്വങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ:

അർത്ഥ പഞ്ചകം

- തിരുവായ്മൊഴിത്തനിയൻ
- അർത്ഥപഞ്ചക രഹസ്യഗ്രന്ഥച്ചുരുക്കം

ചെയ്യരുത്

- നാലും പാടില്ലാ
- ആകൃത്യ കരണം
- ഭഗവദ് അപചാരം
- ശ്രീമദ് ഭഗവദ്ഗീത
- ഭഗവദ് അപചാരം (തുടർച്ച)
- ഭാഗവത അപചാരം
- ശ്രീമദ് ഭഗവദ്ഗീത

- ഭാഗവത അപചാരം (തുടർച്ച)
- ഭാഗവത അപചാരം - തൃസംഖ്
- ഭാഗവത അപചാരം - തിരുമാല
- ഭാഗവത അപചാരം - ശ്രീ ഗരുഡ ആഴ്വാർ
- ഭാഗവത അപചാരം - 2 ഉദാഹരണങ്കൂടി
- അസഹ്യ അപചാരം
- ചുരുക്കത്തില്

നിത്യ കർമങ്ങൾ

സംഗ്രഹം
- പൊതുവായവ:
- മുഖ്യ സിദ്ധാന്തങ്ങൾ
- ലഘുവായി ക്രമങ്ങളും ആചാരങ്ങളും

ശ്രീ:
ശ്രീമതേ [ശഠകോപായ]() നമ: ശ്രീമതേ [രാമാനുജായ]() നമ:
ശ്രീമദ് [വരവരമുനയേ]() നമ: ശ്രീ [വാനാചല മഹാമുനയേ]() നമ:

ഉദ്ധേശ്യം

അനേക കല്യാണഗുണങ്ങളെക്കൊണ്ട ശ്രീമന്നാരായണൻ തുടങ്ങിയ പിന്നീടു, ആഴ്വാരാചാര്യമ്മാർ വളർത്തിയെടുത്ത മഹാ സമുദ്രമാണു ശ്രീവൈഷ്ണവ സംപ്രദായം. സംസ്കൃതവും ദ്രാവിഢവുമായ രണ്ട് വേദാന്ത സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി കെട്ടിപ്പണിഞ്ഞതാ നമ്മുടെ ഈ സത്സമ്പ്രദായം. ആചാര്യമ്മാരുടെ ജീവിത ചരിത്രവും വാക്കും ഈ മാർഗ്ഗത്തെ നമ്മള് മനസ്സിലാക്കാനും അതിൽ ഉറച്ച് നിൽക്കാനും സഹായിക്കുന്നു.
ഈ ലേഖ്യബന്ധത്തില് ഏളുപ്പവായി പരിച്ചയപ്പെടുത്താൻ ശ്രമിക്കുന്ന അത്യാവശ്യവും മൗലികമുവായ ചില തത്ത്വങ്ങൾ :

1. വായന സൂചിക - https://srivaishnavagranthamsmalayalam.wordpress.com/2017/11/29/simple-guide-to-srivaishnavam-readers-guide/
2. ആമുഖം - https://srivaishnavagranthamsmalayalam.wordpress.com/2018/12/26/simple-guide-to-srivaishnavam-introduction/
3. പഞ്ച സംസ്കാരം - https://srivaishnavagranthamsmalayalam.wordpress.com/2019/02/04/simple-guide-to-srivaishnavam-pancha-samskaram/
4. ആചാര്യ ശിഷ്യ സംബന്ധം - https://srivaishnavagranthamsmalayalam.wordpress.com/2019/02/21/simple-guide-to-srivaishnavam-acharya-sishya/
5. ഗുരു പരമ്പര - https://srivaishnavagranthamsmalayalam.wordpress.com/2019/02/22/simple-guide-to-srivaishnavam-guru-paramparai/
6. ദിവ്യ പ്രബന്ധവും ദിവ്യ ദേശങ്ങളും - https://srivaishnavagranthamsmalayalam.wordpress.com/2019/02/25/simple-guide-to-srivaishnavam-dhivya-prabandham-dhesam/

7. രഹസ്യ ത്രയം - https://srivaishnavagranthamsmalayalam.wordpress.com/2019/03/02/simple-guide-to-srivaishnavam-rahasya-thrayam/
8. തത്ത്വ ത്രയം - https://srivaishnavagranthamsmalayalam.wordpress.com/2019/03/09/simple-guide-to-srivaishnavam-thathva-thrayam-in-short/
9. അർത്ഥ പഞ്ചകം - https://srivaishnavagranthamsmalayalam.wordpress.com/2019/03/16/simple-guide-to-srivaishnavam-artha-panchakam/
10. ചെയ്യരുത് - https://srivaishnavagranthamsmalayalam.wordpress.com/2019/03/22/simple-guide-to-srivaishnavam-apacharams/
11. നിത്യ കർമങ്ങൾ - https://srivaishnavagranthamsmalayalam.wordpress.com/2019/03/22/simple-guide-to-srivaishnavam-important-points/
12. സംഗ്രഹം - https://srivaishnavagranthamsmalayalam.wordpress.com/2019/03/23/simple-guide-to-srivaishnavam-references/

ആഴ്വാർ തിരുവടികളേ ശരണം! എംബെരുമാനാർ തിരുവടികളേ ശരണം!
ജീയർ തിരുവടികളേ ശരണം! ജീയർ തിരുവടികളേ ശരണം!

അടിയൻ സൗരിരാജൻ രാമാനുജ ദാസൻ

ഉറവിടം : http://ponnadi.blogspot.in/p/simple-guide-to-srivaishnavam.html
ഉറവിടം : https://srivaishnavagranthamsmalayalam.wordpress.com/
പ്രമേയം (ലക്ഷ്യം) – http://koyil.org
പ്രമാണം (വേദം) – http://granthams.koyil.org
പ്രമാതാവ് (ആചാര്യന്മാർ) – http://acharyas.koyil.org
ശ്രീവൈഷ്ണവ വിദ്യാഭ്യാസം / കുട്ടികൾ – http://pillai.koyil.org

വായന സൂചിക

ശ്രീവൈഷ്ണവ പരിഭാഷ

ആചാര്യൻ / ഗുരു	തൃമന്ത്രാർതഥ ഉപദേശകർ
ശിഷ്യൻ	വിദ്യാർത്ഥി
ഭഗവാൻ	ശ്രീമന്നാരായണൻ
അർച്ച	ക്ഷേത്രങ്ങൾ, മഠങ്ങൾ, ഗൃഹങ്ങളിൽ നിന്നും നമ്മെ അനുഗ്രഹിക്കും എംബെരുമാൻടെ വിഗ്രഹം
എംബെരുമാൻ, പെരുമാൾ, ഈശ്വരൻ	ഭഗവാൻ
എംബെരുമാനാർ	എംബെരുമാനെക്കാൾ കാരുണ്യരായ ശ്രീരാമാനുജർ
പിരാൻ	ഉപകാരി, സഹായി
പിരാട്ടി, തായാർ	ശ്രീമഹാലക്ഷ്മി
മൂലവർ	പ്രതിഷ്ഠ, ക്ഷേത്രങ്ങളിൽ നിശ്ചലമായ എംബെരുമാൻ
ഉത്സവർ	തൃവീഥികളിൽ എഴുന്നരുളും എംബെരുമാൻ

ആഴ്വാർകൾ	ഭഗവദനുഗ്രഹീതരായി, ദക്ഷിണ ഭാരതത്ത്, ദ്വാപറ യുഗ അവസാനത്തിൽ നിന്നും കലിയുഗ തുടക്കം വരെ വാഴ്ന്ന ശ്രീവൈഷ്ണവ അടിയന്മാർ. ഭഗവദ് അനുഭവത്തിൽ ആഴ്ന്നു പോയതു കാരണം ആഴ്വാൻമാർ എന്ന് പേരായി
പൂർവാചാര്യന്മാർ	ശ്രീവൈഷ്ണവ സമ്പ്രദായത്തില് നമ്മെ ഈടുപെടുത്തുന്ന ശ്രീമന്നാരായണൻ മുദലായവർ
ഭാഗവതമ്മാർ / ശ്രീവൈഷ്ണവമ്മാർ	എംബെരുമാന്റെ അടിയന്മാർ
അരയർമാർ	ദിവ്യ പ്രബന്ധ പാസുരങ്ങളെ ഗീതമായും അഭിനയിച്ചും പാടുന്നവർ
ഒരാൺവഴി ആചാര്യന്മാർ	പെരിയ പെരുമാൾ മുതൽ മാമുനികൾ വരെയുള്ള ആചാര്യർകൾ 1. പെരിയ പെരുമാൾ (ശ്രീമൻ നാരായണൻ) 2. പെരിയ പിരാട്ടി (ശ്രീ മഹാലക്ഷ്മി) 3. സേന മുതലിയാർ 4. നമ്മാഴ്വാർ 5. നാഥമുനികൽ 6. ഉയ്യക്കൊണ്ടാർ 7. മണക്കാൽ നംബി 8. ആളവന്താർ 9. പെരിയ നംബി 10. എമ്പെരുമാനാർ 11. എംബാർ 12. ഭട്ടർ 13. നംജീയർ 14. നംബിള്ളൈ 15. വടക്കു തിരുവീതി പിള്ളൈ 16. പിള്ളൈ ലോകാചര്യർ 17. തിരുവായ്മൊഴി പിള്ളൈ 18. അഴകിയ മണവാള മാമുനികൾ

ദിവ്യ പ്രബന്ധം	ആഴ്വാൻമാരുടെ പാസുരങ്ങൾ, അരുളിചെയ്തവ
ദിവ്യ ദംപതി	ശ്രീമന്നാരായണനും ശ്രീമഹാലക്ഷ്മിയും
ദിവ്യ ദേശം	ആഴ്വാൻമാർ മംഗലാശാസനം ചെയ്ത എംബെരുമാൻ ഇഷ്ടപ്പെട്ടു എഴുന്നരുളിട്ടുള്ള ദിവ്യ ക്ഷേത്രങ്ങൾ
ശ്രീസൂക്തി / ദിവ്യ സൂക്തി	ഭഗവാൻ / ആഴ്വാൻമാർ / ആചാര്യന്മാർ തൃവാമൊഴി

അഭിമാന സ്ഥലം	ഒരുപാട് പൂർവാചാര്യന്മാർ താമസിച്ച എംബെരുമാന്റെ ക്ഷേത്രങ്ങൾ
പാസുരം	പാട്ടു, ശ്ലോകം
പതികം	ദശകം
പത്ത്	പത്ത് ദശകങ്ങൾ, നൂറു പാട്ടുകളുടേയത്

മാദ്ധ്യമ പദങ്ങൾ

ഇടയ്ക്കിടെ വ്യവഹരിക്കപ്പെടുന്ന ശ്രീവൈഷ്ണവ പാരമ്പര്യ പദങ്ങളും ഗദങ്ങളും

കോയിൽ	ശ്രീരംഗം
തിരുമല	തൃപ്പതി എന്നറിയപ്പെടുന്ന തൃവേങ്കഠം. ചിലസമയം മധുരയെ അടുത്ത തിരുമാളിരുഞ്ചോല എന്നുമാവാം
പെരുമാൾ കോയിൽ	കാഞ്ചീപുരം
പെരുമാൾ	ശ്രീരാമൻ
ഇളയപെരുമാൾ	ലക്ഷ്മണൻ
പെരിയപെരുമാൾ	ശ്രീരംഗനാഥൻ (മൂലവർ)

നമ്പെരുമാൾ	ശ്രീരംഗനാഥൻ (ഉത്സവർ)
ആഴ്വാർ	നമ്മാഴ്വാർ
സ്വാമി	ശ്രീരാമാനുജർ
ജീയർ, പെരിയ ജീയർ	മണവാള മാമുനികൾ
സ്വരൂപം	നിജ സ്വഭാവം
രൂപം	പുറംകാഴ്ച്ച

<u>ഗുണങ്ങൾ</u> പരത്വം സൗലഭ്യം സൗശീല്യം വാത്സല്യം മാധുര്യം കൃപ, കരുണ, ദയ, അനുകമ്പ	<u>ദിവ്യ ഗുണങ്ങൾ</u> മേന്മ എളിമ ഔദാര്യം കുട്ടികളോടും മറ്റും തോന്നുന്ന സ്നേഹം മധുരത ദു:ഖിക്കുന്നവരോടുള്ള മനസ്സലിവ്
ശാസ്ത്രം	നമ്മുടെ അനുഷ്ഠാനങ്ങളെ നിയന്ത്രിക്കുന്നവയും ആധാരകമുമായ ഗ്രൻഥങ്ങൾ
ഗ്രൻഥങ്ങൾ	വേദങ്ങൾ, വേദാന്തം, ഇതിഹാസങ്ങൾ, പുരാണങ്ങൾ, സ്മൃതികൾ, ദിവ്യ പ്രബന്ധം, പൂർവ്വാചാര്യ ഗ്രൻഥങ്ങൾ, സ്തോത്രങ്ങൾ, വ്യാഖ്യാനങ്ങൾ
കര്മാവ്	വിന, പ്രവൃത്തി, പുണ്യം, പാപം എന്നിവയോടെ ബന്ധമുള്ളത്
മോക്ഷം	തളകളിൽ നിന്നും മോചനം
ഭഗവത് കൈങ്കര്യ മോക്ഷം	തളകളൊക്കെ നീങ്ങിക്കിട്ടിയപിന്നെ പരമപദത്തില് നിരന്തരം ഭഗവദ് കൈങ്കര്യം ചെയ്തു കഴിയുന്നത്
കൈവല്യം	തളകളൊക്കെ നീങ്ങിക്കിട്ടിയപിന്നെ നിരന്തരം ആത്മ അനുഭവത്തില് തിളയ്ക്കൽ
കർമ്മ, ഭക്തി, ജ്ഞാന യോഗങ്ങൾ	ഈശ്വരനെ എത്താനുള്ള വഴികൾ
പ്രപത്തി, ശരണാഗതി	എംബെരുമാനെ അടുക്കാൻ അവനെ മാത്രം പറ്റിയിരിക്കുന്നത്.
ആചാര്യ നിഷ്ഠർ	ആചാര്യന്മാരെ മാത്രം ഗതിയെന്നു ശരണം ചെയ്തവര്
ആചാര്യ അഭിമാനം	ആചാര്യനാല് വാത്സല്യത്തോടെ രക്ഷിക്കപ്പെടൽ

പഞ്ച സംസ്കാരം (സമാശ്രയണം)	ഭൂലോകത്തിലും പരമപദത്തിലും കൈങ്കര്യഞ്ചെയ്യാൻ അഞ്ചു വിദമായി ഒരു ജീവാത്മാവെ ശുദ്ധൻചെയ്യുന്ന സംസ്കാരം. ആ അഞ്ചു വിദങ്ങള് താഴേ കാണുക:
താപ - ശംഖു ചക്ര ലാഞ്ചന	ചൂടാക്കിയ സംങ്ഖ് ചക്ര മുദ്രകൾ രണ്ടെയും കൊണ്ട് രണ്ട് തോളുകളിലും കുറിയിടുന്നത്. പാത്രങ്ങളിൽ ഉടമസ്ഥരുടെ പേര് കൊത്തുന്നത് പോലെ നമ്മള് എംബെരുമാൻടെ ഉടമ എന്ന് അറിയിക്കാനായി അവരുടെ ചിഹ്നങ്ങളെ രണ്ട് തോളുകളിലും ഏൽക്കുക.
പുണ്ഡ്ര	ദേഹത്തില് പന്ത്രണ്ട് സ്ഥലത്ത് തീരുമെന്നും ശ്രീ ചൂര്ണവും കൊണ്ട് കാപ്പിടുക
നാമ	രാമാനുജ ദാസൻ, മധുരകവി ദാസൻ, ശ്രീവൈഷ്ണവ ദാസൻ എന്നിങ്ങനെ ആചാര്യൻ ചൂട്ടുന്ന പേര്
മന്ത്രം	മന്ത്രോപദേശം, ആചാര്യനിടത്ത് മന്ത്രത്തുടെ അർത്ഥം കേട്ട് മനസ്സിലാക്കുക, തന്നെ ജപിക്കുന്നവന്റെ ദുഖങ്ങളെ മാറ്റരുന്നതാ മന്ത്രം. തൃമന്ത്രം, ഭ്വയം, ചരമ ശ്ലോകം എന്ന ഈ മൂന്നിനും സംസാര ദുഖത്തെ മാട്രാൻ കഴിവുണ്ട്
യാഗം	ദേവപൂജ, ആചാര്യനിടത്ത് ത്രുവാരാധനം ചെയ്യാൻ പഠിക്കുക
കൈങ്കര്യം	എംബെരുമാൻ, ആഴ്വാർ ആചാര്യർ ഭാഗവതന്മാർക്കു ദാസ്യം ചെയ്യുക
ത്രുവാരാധനം	എംബെരുമാനെ പൂജിക്കുകhttps://srivaishnavagranthamstamil.wordpress.com/2013/12/13/srivaishnava-thiruvaaraadhanam/
തൃമനസ്സു	ദൈവ ഇച്ഛ
ശേഷി	ഉടയോൻ, ഉടമസ്ഥൻ

ശേഷൻ	അടിയൻ, അടിമ
ശേഷത്വം	ശ്രീ രാമനെ സേവനം ചെയ്യാൻ ശ്രീ ലക്ഷ്മണൻ എപ്പോഴും തയ്യാറായിരുന്നതേപ്പോലെ ഭഗവാനെ കൈങ്കര്യം ചെയ്യാൻ തയ്യാറായിരുത്തൽ
പാരതന്ത്ര്യം	ശ്രീ ഭരതനെപ്പോലെ എംബെരുമാനെ സേവനം ചെയ്യുമ്പോഴ് അവൻ പറഞ്ഞത് അനുസരിക്കുക. ശ്രീ രാമൻ കാനനം പോകുമ്പോൾ കൂടെപ്പോകാൻ ഭരതൻ ശ്രമിച്ചു. ശ്രീ രാമൻ വേണ്ടെന്നു പറഞ്ഞു രാജ്യം ഭരിക്കാൻ ഉത്തരവ് നൽകി. ഭരതൻ സമ്മദിച്ച് തൃമനസ്സേ പാലിച്ച്.
സ്വാതന്ത്ര്യം	തോന്നിയവസം കാണിക്കുക
പുരുഷകാരം	ശിപാർശ ചെയ്യുക, ദ്വേഷ്യം മാറ്റുക, ജീവാന്മര് അർഹതയില്ലാത്തവരെന്നാലും, പാവികളായാലും കാരുണ്യത്തോടെ അവരെ കാത്തു രക്ഷിക്കാൻ മഹാലക്ഷ്മീ എംബെരുമനിടതതു ശിപാർശ ചെയ്യുക, ആചാർയന്മാർ ഈലോകത്തു മഹാലക്ഷ്മീയുടെ പ്രതിനിധികളാണു. പുരുഷകാരകർക്കു ആവശ്യമായ മൂന്നു ഗുണങ്കൾ താഴേ കാണുക:
1. ക്രുപ	ദു:ഖിക്കുന്ന ജീവരിടത്തു മനസ്സലിവു
2. പാരതന്ത്ര്യം	ഈശ്വരനിടത്തു ആഴ്ന്ന വിശ്വാസം
3. അനന്യാർഹത്വം	മുഴുവനും ഭഗവാനിനായി മാത്രം ജീവിക്കുക. വേരൊർത്തർക്കായല്ല.
അന്യശേഷത്വം	ഭഗവാനല്ലാത്ത വേരൊർത്തനുക്കായി ജീവിക്കുക.
വിഷയാന്തരം	ഐന്ദ്രിയ അഭിവാഞ്ജ, കൈന്കർയം അല്ലാത്തവ
ദേവതാന്തരം	വാസ്തവത്തില് എംബെരുമാ മാത്രമേ ദേവൻ ആണു. ഈശ്വരൻ തുടങ്ങിയ മറ്റവരൊക്കെ ദേവതാന്തരങ്ങളാണു.

	ലോക ക്ഷേമ നിർവാകത്തിനായി എംബെരുമാൻ നിയമിച്ച, കർമ്മവശപ്പെട്ടു പോയ ഇത്തരം ജീവർകളെ എംബെരുമാൻ പോലാണു എന്നു മയങ്ങി ചില ഫലങ്ങളേ നേടാമെന്നു വിചാരിക്കിന്നതു തെറ്റാണു.
സ്വഗത സ്വീകാരം	ഭഗവാനെയോ ആചാര്യനെയോ നമ്മൾ സ്വയം ഏറ്റെടുത്തല് (ഇതു അഹംകാര ഗർഭമാണു)
പരഗത സ്വീകാരം	നമ്മുടെ അപേക്ഷയോ നിർബ്ബന്ധമോ ഇല്ലാത്തെ ഭഗവാനോ ആചാര്യനോ സ്വയം നമ്മളെ ഏറ്റെടുക്കുക
നിർഹേതുക ക്രുപ	ഒരു കാരണവും ഇല്ലാത്ത ക്രുപ. ജീവൻ ചോദിക്കാത്ത തന്നെ പരമാത്മാ കാണിക്കുന്ന ക്രുപ
സഹേതുക ക്രുപ	ജീവൻ മുൻകൈയെടുത്തു പ്രാർത്തിച്ചതിനായി എംബെരുമാൻ കാണിക്കുന്ന അലിവ്
നിത്യർ, നിത്യസൂരികൾ	എംബെരുമാൻ പരമപദതത്തിലായാലും മറ്റെവ്വിടെയായാലും സദാ അവനെ കൈങ്കര്യം ചെയ്തു കഴിയുന്നവർ. ഇവരെല്ലാരും എപ്പോഴും ബന്ധങ്കളൊന്നും ഇല്ലാത്തവരാണു
മുക്തർ	ഭൂലോകത്തു ബന്ധപ്പെട്ടിരുന്നവർ. ബന്ധങ്കൾ ഒഴിഞ്ഞു എംബെരുമാൻടെ അനുഗ്രഹം കാരണം ശുദ്ധ ആത്മാവായി സദാ കൈങ്കർയം ചെയ്തു കഴിയുന്നവർ
ബദ്ധർ	സംസാരികൾ. ലോകത്തും സംസാരത്തും പെട്ടുപോയവർ
മുമുക്ഷു	മോക്ഷം കിട്ടാൻ ആഗ്രഹിക്കുന്നവർ
പ്രപന്നർ	എംബെരുമാൻടെ ശരണം പറ്റിയവര്. മുമുക്ഷളെപ്പോലെ
ആർത്ത പ്രപന്നർ	ഇപ്പത്തന്നേ സംസാരത്തെ വിട്ടു നീങ്കാൻ കൊതിയുള്ളവർ

ത്രുപ്ത പ്രപന്നർ	ഭൂലോകത്തു ഭഗവാനിനും ഭാഗവതർക്കും കൈങ്കര്യഞ്ചെയ്തു പിന്നീടു പരമപദത്തു നിത്യ കൈങ്കര്യഞ്ചെയ്യാൻ താല്പ്പര്യമുള്ളവർ
തീർത്ഥം	വിശുദ്ധ ജലം
ശ്രീപാദ തീർത്ഥം	ചരണാമ്രുതം. ആചാര്യരുടെ പാദങ്കളെ കഴുകിയ ജലം
ഭോഗം	എംബെരുമാനിനെ സമർപ്പിക്കാൻ തയ്യാരായുള്ള ഭക്ഷണം
പ്രസാദം	എംബെരുമാനിനു സമർപ്പിച്ച ശേഷം കഴിക്കുന്ന ഭക്ഷണം
ഉച്ഛിഷ്ഠം	പ്രസാദം എന്ന വാക്കിൽടെ പര്യായ പദം. ഒരാൾ ഭക്ഷിച്ചതിൻ്ടെ മിച്ചം, അവശേഷിച്ചതു, ബാക്കി, എച്ചിൽ, വേരോർത്തർ സ്പർശിച്ച ഭക്ഷണം, സന്ദർഭോചിതമായി അർത്ഥമാക്കുക
പടി	ഭോഗം എന്നു അർത്ഥമാക്കുക
ചാർത്തുപ്പടി	കളഭം
ശഠാരിശ്രീശഠകോപം	എംബെരുമാൻടെ ത്രുപ്പാദങ്ങൾ. ശ്രീനമ്മാഴ്വാർ എന്നു കരുതുക
മധുരകവികൾ	ശ്രീനമ്മാഴ്വാരുടെ ത്രുപ്പാദ കമലങ്ങൾ
ശ്രീരാമാനുജൻ	ആഴ്വാർ ത്രുനഗരിയില് ആഴ്വാരുടെ ത്രുപ്പാദങ്ങൾ
ശ്രീരാമാനുജൻ	ആഴ്വാമ്മാർ ഏവരുടെ ത്രുപ്പാദങ്ങൾ
മുദലിയാണ്ടാൻ	ശ്രീരാമാനുജരുടെ ത്രുപ്പാദങ്ങൾ
പൊന്നടിയാഞ്ചെങ്കമലം	ശ്രീമണവാള മാമുനികളുടെ ത്രുപ്പാദ കമലങ്ങൾ

പൊതുവേ ആപ്ത ശിഷ്യമ്മാർ ആചാര്യൻടെ ത്രുപ്പാദങ്ങളെന്നത്രെ. ഉദാഹരണത്തിന് നഞ്ജീയരെ ഭട്ടരുടെ ത്രുപ്പാദങ്ങളായും നമ്പിള്ളയെ നഞ്ജീയരുടെ ത്രുപ്പാദങ്ങളെന്നും പറയും

വിഭൂതി	ഐശ്വര്യം, സമൃദ്ധി
നിത്യ വിഭൂതി	പരമപദം, അദ്ധ്യാത്മിക സമൃദ്ധി
ലീലാ വിഭൂതി	നമ്മുടെ പാർപ്പിടമായ ഭൂലോക സമ്പത്തു
അടിയൻ, ദാസൻ	ഞാൻ എന്നു അഹങ്കാരമായീപ്പറയുന്നതിനു പകരം വിനിതമായി ഉപയോഗിക്കുന്ന പദങ്ങൾ
ദേവരീർ, ദേവർ, ശ്രീമാൻ	താങ്കൾ, ഭവാൻ, അങ്ങ് എന്നു ശ്രീവൈഷ്ണവമ്മാരെ സാദരം അഭിസമ്ബോധനഞ്ചെയ്യുക
എഴുന്നെള്ളിപ്പു	ആഗമനം, അമർന്നിരുക്കുക
കൺവളരുക	ഉറങ്ങുക
നീരാട്ടം	ആറാട്ടം, കുളിക്കുക
ശയനം	കിടപ്പു, ഉറക്കം, വിശ്രമം
ശ്രീപാദം	പെരുമാൾ, ആഴ്വാർ അഥവാ ആചാര്യനെ പല്ലക്കിൽ ചുമക്കുക
വ്യാഖ്യാനം	വിശദീകരണം, വിശദമായ അർത്ഥവിവരണം
ഉപന്യാസം	പ്രഭാഷണം, പ്രസംഗം
കാലക്ഷേപം	ശ്രീകോശ മൂല ഗ്രന്ഥം വായിച്ചു അർത്ഥം വിശദീകരിക്കുക
അഷ്ടദിഗ്ഗജങ്ങൾ	ശിഷ്യമ്മാരെ ക്രമീകരിക്കാനും, സല്സമ്പ്രദായത്തേ പരിപാലിക്കാനും ശ്രീമണവാള മാമുനികൾ നിയോഗിച്ച എട്ടു ശിഷ്യമ്മാർ

തത്വ, സിദ്ധാന്ത പദങ്ങൾ

വിശിഷ്ടാദ്വൈതം	ജഡപ്രകൃതിയായ അചിത്തെന്ന ശരീരങ്കൊണ്ട വിശേഷജ്ഞാനമുള്ള ചിത്താണ് പരബ്രഹ്മം എന്നു

	ബോധിപ്പിക്കുന്ന തത്വം
സിദ്ധാന്തം	നമ്മുടെ വിശിഷ്ടാദ്വൈത തത്വം
മിഥുനം	ദമ്പതി, ഇണ – പെരുമാളും പിരാട്ടിയും
ഏകായനം	ശ്രീദേവിയെ അപ്രാദാന്യമാക്കി ശ്രീമന്നാരായണനെ മാത്രം പരമൻ എന്ന തത്വം
മായാവാദം	ബ്രഹ്മം ഒന്നേയുള്ളു. മറ്റേതൊക്കെ മായയെന്ന തത്വം
ആസ്തികൻ	ശാസ്ത്രത്തെ ഏൽക്കുന്നവൻ
നാസ്തികൻ	ശാസ്ത്രത്തെ നിരാകരിക്കുന്നവർ
ബാഹ്യർ	ശാസ്ത്രത്തെ നിരാകരിച്ചു തള്ളിക്കളയുന്നവർ
കുദൃഷ്ടി	ശാസ്ത്രത്തെ സ്വീകരിച്ചു തൻടെ സൌകര്യം പോലേ അതെ മാറ്റിപ്പറയുന്നവർ
ആപ്തർ	വിശ്വസിക്കാവുന്ന ശാസ്ത്രജ്ഞൻ
പ്രമ	പരമാർഥജ്ഞാനം
പ്രമേയം	പരമാർഥജ്ഞാനത്തുടെ ലക്ഷ്യം
പ്രമാതാ	പ്രമാതാവ്, പരമാർഥജ്ഞാന ദാതാവ്
പ്രമാണം	പരമാർഥജ്ഞാനത്തെ അറിയാൻ തുണ
പ്രത്യക്ഷം	കാണാനോ കേൾക്കാനോ കഴിയുന്നതു
അനുമാനം	പ്രത്യക്ഷമായ ഒരു ജ്ഞാനത്തിൽനിന്നു അപ്രത്യക്ഷമായ ഒന്നിനെ ഊഹിക്കൽ, നേരത്തേ പഠിച്ചതിൻടെ അടിസ്ഥാനത്തു അധികരിക്കുന്ന ജ്ഞാനം

ശബ്ദം	ശാസ്ത്ര വാക്കുകൾ, സത്യസന്ധമായ ഗ്രന്ഥങ്ങൾ
തത്വത്രയം	നേര് മൂന്ന്, പ്രപന്നർ അറിയേണ്ട മൂന്നു തത്വങ്ങൾ
ചിത്ത്	വിശേഷജ്ഞാനമുള്ള ചേതനൻ, ജീവാത്മാവ്
അചിത്ത്, അചേതനം, പ്രകൃതി	അറിവില്ലാത്തതു, ജഡപ്രകൃതി, വസ്തു
ഈശവരൻ	ശ്രീമന്നാരായണൻ, ഭഗവാൻ
രഹസ്യത്രയം	മൂന്നു രഹസ്യ മന്ത്രങ്ങൾ, പഞ്ചസംസ്കാര സമയത്തു ആചാർയൻ ഉപദേശിക്കും
തൃമന്ത്രം	അഷ്ടാക്ഷര മഹാമന്ത്രം, എട്ടെഴുത്തു
ദ്വയം	ദ്വയ മഹാമന്ത്രം, രണ്ടു വാഖ്യങ്ങൾ ഉള്ള മന്ത്രം
ചരമ സ്ലോകം	പൊതുവേ സൂചിപ്പിക്കിന്നതു “സർവ്വധർമാൻപരിത്യജ്യ” എന്ന ഭഗവദ് ഗീത പതിനെട്ടാം അധ്യായത്തേ അറുപത്തിയാറാം സ്ലോകം. പ്രപന്നമ്മാർ, “സകൃദേവപ്രപന്നായ” എന്ന ശീരാമ ചരമ സ്ലോകത്തേയും, “ സ്തിതേമനസിസുസ്വസ്തേ” എന്ന വരാഹ ചരമ സ്ലോകത്തേയും കൂട്ടിച്ചേർത്തു അനുസന്ധിക്കിന്നു
അർത്ഥ പഞ്ചകം	അഞ്ചു മുഖ്യ വിഷയങ്ങൾ, പഞ്ചസംസ്കാര സമയത്തു ആചാർയൻ ഉപദേശിക്കും
ജീവാത്മാവ്	അറിവുള്ള ജീവൻ
പരമാത്മാവ്	എംബെരുമാൻ, ഭഗവാൻ
ഉപേയം, പ്രാപ്യം	ലക്ഷ്യം (കൈങ്കർയം എന്ന)

ഉപായം	ലക്ഷ്യ പ്രാപ്തിയ്ക്കുള്ള വഴി
വിരോധി	ലക്ഷ്യ പ്രാപ്തിയ്ക്കെതിരായ തടസ്സം
ആകാരത്രയം	ഓരോ ജീവാത്മാവിനുമുള്ള മൂന്ന് ഗുണങ്ങൾ (സത്ത്വം, രജസ്സ്, തമസ്സ് എന്നീ)
അനന്യ ശേഷത്വം	എംബെരുമാനൊരുത്തനെ മാത്രം നേതാവായി ഏൻക്കുക
അനന്യ ശരണത്വം	എംബെരുമാനൊരുത്തനെ മാത്രം ശരണം ഗമിക്കുക
അനന്യ ഭോഗ്യത്വം	ഈ പദത്തുടെ തൊലിപ്പുറത്തു മാത്രം നോക്കിയാൽ ഭഗവാനെ മാത്രം അനുഭവിക്കുക എന്നു തോന്നിയേയ്ക്കാം. പക്ഷേ ശരിക്കും ഭഗവാനൊരുത്തൻ അനുഭവിക്കാൻ മാത്രം അർഹനാകുക എന്നതാ ശ്രേഷ്ടമായ അർത്ഥം
സാമാനാധികരണ്യം	ഒരേ വസ്തുവിനുള്ള രണ്ടുതരം ഗുണങ്ങളെ സുചിപ്പിക്കിന്നു.മൺകുടം എന്നാൽ, മൺ കൊണ്ടു മെനയ്ഞ്ചതു എന്നും, കുടം പോലൊരു രൂപത്തിൽ സൃഷ്ടിച്ചീട്ടുണ്ടെന്നും മനസ്സിലാക്കാം. സംസ്കൃതത്തിൽ, ശുക്ല പടം എന്നാൽ, വെളുത്ത തുണി എന്നർത്ഥം. ഈയൊരേ സാധനത്തിനു, വെളുത്ത നിറമുണ്ടെന്നും, നെയ്തുണ്ടാക്കിയെന്നും രണ്ടു ഗുണങ്ങൾ ഉണ്ടെന്നു മനസ്സിലാകും. അങ്ങനതന്നേ, ഭഗവാൻ ഒരുത്തൻതന്നേ, ചിത്ത് അചിത്ത് എന്ന രണ്ടു അവസ്ഥകളിലും വ്യാപിച്ചു നിൽക്കുന്നു. മനസ്സിലാക്കാൻ പ്രയാസമുണ്ടാവും! വേദ വേദാന്തം പഠിച്ച വിദ്വാമ്മാരിടത്തു ചോദിച്ചു മനസ്സിലാക്കുക.
വൈയധികരണം	ഒരേ വസ്തുവിനെ രണ്ടും രണ്ടിനും

	കൂടുതലായ ഗുണങ്ങളെ സുചിപ്പിക്കിന്നു.മേശ മുകളിൽ പൂവ് എന്നാൽ, മേശ, പൂവ് രണ്ടും വ്യത്യസ്തമായവ എന്നറിയാം. തറയിൽ നാൽകാലി എന്നാൽ, തറ, നാൻകാലി രണ്ടും തമ്മിൽ വ്യത്യാസമുണ്ടെന്നറിയാം.
സമഷ്ടി സൃഷ്ടി	ഭഗവാൻ പഞ്ച ഭൂതങ്ങളെ ശൃഷ്ടിച്ചു, ഒരു ജീവനെ ബ്രഹ്മാവ് എന്നു നിയോഗിക്കിന്നതു
വ്യഷ്ടി സൃഷ്ടി	ഭഗവാൻ, ബ്രഹ്മാവിനും ഋഷിമാർക്കും പിന്നെയും അവരെ സൃഷ്ടിക്കാൻ അനുവദിച്ചു, വിഭിന്നമായ രൂപമും സ്വഭാവമും ഉള്ള വസ്തുക്കളെ അവർ വഴിയായി സൃഷ്ടിക്കിന്നതു
വ്യഷ്ടി സംഹാരം	ഭഗവാൻ, ശിവൻ അഗ്നി, എന്നിരുവർ മുഖാന്തരം ഭൌതിക വസ്തുക്കളെ സംഹരിക്കൽ
സമഷ്ടി സംഹാരം	ഭഗവാൻ, പഞ്ച ഭൂതങ്ങളേയും, മിച്ചം വന്ന വസ്തുക്കളേയും, സ്വയം ഉള്ളിലടക്കൽ

ആമുഖം

ഓരാണ്വഴി ആചാര്യ വംശാവളി

വേദങ്ങൾ

ശ്രീമന്നാരായണൻ ബ്രഹ്മാവിനു സൃഷ്ടി തുടങ്ങും സമയത്തു **വേദങ്ങളെ** ഉപദേശിച്ചു. ഏതുമില്ലാത്ത എല്ലാ ജീവികൾക്കും ഹിതഞ്ചെയ്യും ശീലനായ പ്രഭുവല്ലേയോ? ജ്ഞാനികൾക്കു ഇതു ഉജ്ജീവനം കൂടി ആയിക്കോട്ടെ.

വൈദികർ ഏവർക്കും പ്രമാണം വേദന്തന്നെയാണു. ആചാര്യനു (പ്രമാതാവ്)   വേദ ശാസ്ത്രം (പ്രമാണം) കൊണ്ടേ എംബെരുമാനെ (ലക്ഷ്യം) ചുണ്ടിക്കാണിക്കാനാവു.

എല്ലാ താഴ്ന്ന ഗുണങ്ങൾക്കും നേരെതിരായ ഉത്തമ ശീലങ്ങളും (അഖില ഹേയ പ്രത്യനിക ദാനത്വം) , എല്ലാ നന്മകൾക്കും വസതി (കല്യാണൈക ദാനത്വം) എന്നതായ വ്യത്യസ്ത വിശേഷങ്ങൾ എംബെരുമാനെ (പ്രമേയം എന്ന ലക്ഷ്യം) വേർപ്പെടുത്തി കാണിക്കുന്നു. അങ്ങനെ വേദത്തിൽ വ്യത്യസ്ത ഗുണങ്ങളായവ:

- ആരും സൃഷ്ടിച്ചതല്ലാ. ഓരോ സൃഷ്ടി കാലത്തും എംബെരുമാൻ ബ്രഹ്മാവിനു വേദം ഉപദേശിക്കുന്നു. അതു കൊണ്ടു സാമാന്യരുടെ സൃഷ്ടികൾക്കുള്ള കുറവുകളൊന്നുമില്ലാത്തെ തിളങ്ങുന്നു വേദം (അപൗരുഷേയത്വം).
- അഴിയാത്ത ശാശ്വതം. ആധിയുമില്ലാ. അന്തവുമില്ലാ. അന്തരാര്ഥമറിഞ്ഞ എംബെരുമാൻ തന്നെയാണു ബ്രഹ്മാവിനു വേദത്തെ ഉപദേശിക്കുന്നു. (നിത്യം).
- നിരൂപണത്തിനു വേരോ ശാസ്ത്രത്തിന്റെ ആവശ്യമില്ലാത്തെ സ്വയം ആധാരമാണു (സ്വത: പ്രമാണ്ണ്യത്വം).

വേദത്തിന്റെ വിസ്തീർണ്ണത്തേയും, കാലഗതിയിൽ കുറഞ്ഞു വരുന്ന മനുഷ്യന്റെ ബുദ്ധി ശക്തി കൊണ്ടു വേദങ്ങളെ അറിയാനുള്ള പ്രയാസത്തിനേയും ഓർത്തു, വേദ വ്യാസർ ഋഗ്, യജസ്, സാമം, അതർവണം എന്നീ നാലായി പങ്കിട്ടു.

ഉപനിഷത്തുകൾ

വേദ സാരം **വേദാന്തം**. ഇങ്ങിനെ എംബെരുമാനേക്കുറിച്ചുള്ള സൂക്ഷ്മമായ വിഷയങ്ങളെ **ഉപനിഷത്തുകൾ** പ്രസ്താവിക്കുന്നു. വേദം ഉപാസന ക്രമങ്ങളേ പറയും. വേദാന്തം ഉപാസന വിഷയമായ എംബെരുമാനേകുറിച്ചു പറയും. ഒരുപാടുള്ള ഉപനിഷത്തുകളിൽ പ്രദാനമായവ:

- ഐതരേയ
- ബൃഹദാരണ്യക
- ഛാന്ദോഗ്യ
- ഈശ
- കേന
- കഠ
- കൗഷീതികീ
- മഹാ നാരായണ
- മാണ്ഡൂക്യ
- മുണ്ടക
- പ്രശ്ന
- സുബല
- ശ്വേതാശ്വതര
- തൈത്തിരീയ

ഉപനിഷത്തുകൾക്കൊരു സാരവും വേദ വ്യാസർ അരുളി. അതാണു **ബ്രഹ്മ സൂത്രം**. ഇതുവും വേദന്തത്തിൽ ഉൾപ്പെടും.

സ്മൃതി, ഇതിഹാസ പുരാണങ്ങൾ

വേദങ്ങൾ അനന്തമായും, കണക്കില്ലാത്തതായും, അളക്കാനാവാത്തതായും, ഇളപ്പം അറിയാൻ കഴിയാത്തതായും ഉള്ളതു കൊണ്ട് സ്മൃതി, ഇതിഹാസങ്ങൾ, പുരാണങ്ങൾ എന്നിവ കൊണ്ട് നമ്മൾ വേദങ്ങളെ മനസ്സിലാക്കുന്നു:

സ്മൃതി - മനു, വിഷ്ണു ഹാരീതർ, യാഗ്ന്യവൽക്യർ എന്നു തുടങ്ങിയ മഹാഋഷികൾ കൂട്ടിച്ചേർത്ത ശാസ്ത്രങ്ങൾ.

ഇതിഹാസം - ശ്രീ രാമായണം (ശരണാഗതി ശാസ്ത്രം), ശ്രീ മഹാഭാരതം (അഞ്ചാം വേദം, പഞ്ചമോ വേദം)

പുരാണം - പ്രഹ്മാവു കൂട്ടിച്ചേർത്ത പതിനെട്ടു പുരാണങ്ങൾ മാത്രമേ പുരാണങ്ങളാണു. ബ്രഹ്മാവു സത്വ ഗുണമായിരുന്നപ്പോൽ എംബെരുമാനെക്കുരിച്ചും, രാജസ ഗുണമായപ്പോൽ സ്വയം തന്നേക്കുരിച്ചും, താമസനായപ്പോൽ അഗ്നി എന്നീ താഴ്ന്ന ദേവതകളേക്കുരിച്ചും പുരാണങ്ങളെഴുതി. അതു കൊണ്ടൂ ഈ ഓരോ പുരാണങ്ങളുടെ ഗുണവും അങിനെത്തന്നേയാണു.

ഇത്തരയും പലവിദം ശാസ്ത്രങ്ങൾ ഉണ്ടായിട്ടും ജീവർക്കു ജ്ഞാനമൊന്നും ഉണ്ടായില്ലാ. സംസാരത്തിൽ മുങ്ങിപ്പെട്ടു ദുഃഖിച്ചിരുന്നു. എന്നിട്ടു സ്വയം ഭഗവാന്തന്നെ അവതരിച്ചു, ജ്ഞാനത്തെയൂട്ടി അവരെ നൽവഴിപ്പെടുത്താൻ ശ്രമിച്ചു. മനുഷ്യൻ നന്നായില്ലാ. കൂടാത്തേ ഈശ്വരനെത്തന്നേ എതിർത്തു.

ആഴ്വാന്മാർ

അതുകൊണ്ട് മനുഷ്യരിൽ ചിലരെത്തന്നെ തിരഞ്ഞെടുത്തു, തന്റെ കാരുണ്യത്താല് മയക്കമില്ലാത്ത സൽബുദ്ധി കൊടുത്തു, **ആഴ്വാന്മാരായി** ഭഗവദ് അനുഭവത്തെ ആസ്വദിച്ച് മാറ്റേവർക്കും വിശതമായി പറയുന്നവരുമായ പരമ കാരുണികരായി സ്ഥാപിച്ചു. പൊയ്കൈയാഴ്വാർ, ഭൂതത്താഴ്വാർ, പേയാഴ്വാർ, തൃമഴിസൈയാഴ്വാർ, നമ്മാഴ്വാർ, കുലശേഖരാഴ്വാർ, പെരിയാഴ്വാർ, തൊണ്ടരടിപ്പൊടിയാഴ്വാർ, തൃപ്പാണാഴ്വാർ, ത്രുമങയാഴ്വാർ, മധുരകവിയാഴ്വാർ, ആണ്ടാൾ എന്നീ പന്ത്രണ്ടു ആഴ്വാന്മാർ മുഖേന ഈശ്വര സ്തുതിതന്നെ ജീവിത ലക്ഷ്യമെന്നു കാണിച്ചു.

ആചാര്യന്മാർ

എന്നിട്ടും തൃപ്തനാവാത്ത എംബെരുമാൻ, ശ്രീ നാഥമുനികൾ തുടങ്ങി ശ്രീ മണവാളമാമുനികൾ വരെയുള്ള **ആചാര്യന്മാരെ** സൃഷ്ടിച്ചു. ആദിശേഷന്റെ അവതാരമായ ശ്രീ രാമാനുജർ ഈ ഗുരു പരമ്പരയിനു നടുനായകനായി. ശ്രീ വൈഷ്ണവ സംപ്രദായത്തെയും, ശ്രീ വിശിഷ്ഠാദ്വൈത സംപ്രദായത്തെയും ഉച്ചത്തിലുയർത്തി.

പരാശരർ, വ്യാസർ, ധർമിടർ, ഡങ്ങർ എന്ന ഋഷികളെ പിന് തുടർന്നു വിശിഷ്ഠാദ്വൈത സിദ്ധാന്തത്തെ നന്നായി സ്ഥാപിച്ചു. എഴുപത്തിനാല് സിംഹാസന അധിപതികളെ നിയമിച്ചു ആഗ്രഹം ഉള്ളവർക്കു എല്ലാം ശ്രീവൈഷ്ണവത്തെ അറിയാൻ അവസരമുണ്ടാക്കി. അദ്ദേഹത്തിന്റെ കഴിവുകൊണ്ടും ഏവരെയും നൽവഴിയിലാക്കിയതിനായും നമ്മുടെ സമ്പ്രദായം എംബെരുമാനാർ ദർശനം എന്നേ അറിയപ്പെടുന്നു.

നാലായിര ദിവ്യ പ്രബന്ധങ്ങളേയും അവയുടെ അർത്ഥങ്ങളേയും പ്രചാരണം ചെയ്യാനായി ശ്രീ മണവാളമാമുനികളായി പിന്നും ശ്രീ രാമാനുജർ പുനർ അവതരിച്ചു. ശ്രീ രംഗ നാഥനും ശ്രീ മണവാളമാമുനികളെ ആചാര്യനായി വരിച്ചു സ്വയം ആദിഗുരുവായി തുടങ്ങിയ ഗുരുപരമ്പര രത്ന ഹാരത്തെ താൻ തന്നെ കെട്ടിച്ചു സമാപിച്ചു.
പിന്നും ശ്രീ മണവാളമാമുനികളുടെ അഷ്ടദിഗ്ഗജങ്ങൾ എന്ന എട്ടു ശിഷ്യന്മാരാലും, പ്രത്യേകിച്ചും പ്രദാന ശിഷ്യർ ശ്രീ പൊണ്ണടിക്കാൾ ജീയർ വഴിയായി, ശ്രീ വൈഷ്ണവ സമ്പ്രദായം നന്നായി പോഷിച്ചെടുത്തു.

അതിനപ്പുറവും ഒരുപാട് ആചാര്യന്മാർ അവതരിച്ചു, നമ്മുടെ പൂറുവന്മാർ തിരുമനസ്സുകൊണ്ട് ശ്രീ വൈഷ്ണവ സമ്പ്രദായത്തെ പാലിച്ചു.

പഞ്ച സംസ്കാരം

ശ്രീ പെരിയ നംബികൾ ശ്രീ രാമാനുജർക്കു പഞ്ച സംസ്കാരം ചെയ്യുന്നു

നമ്മൽ എങ്ങെനെ ശ്രീ വൈഷ്ണവരാകാം?

അതിനുള്ള ക്രമമാണു പഞ്ച സംസ്കാരം. ഭാഷ, ജാതി, വർഗ്ഗം, ഗോത്രം, ദേശം ഇങ്ങിനെ ഒരു വ്യത്യാസവുമില്ലാത്തെ യാരായാലും ഈക്രമം പൂർത്തിയാക്കി ശ്രീവൈഷ്ണവ സമ്പ്രദായത്തെ പരിയപ്പെടാം. റണ്ടേ രണ്ടു പ്രദാന അർഹതകൾ മാത്രം മതി:

1. **വിനയം** - നമുക്കു ഒരുപാടു കുറവുകൾ ഉണ്ടു. ഒന്നും ചെയ്യാൻ കഴിയാത്തവരാണു എന്ന ഭാവം (ആകിഞ്ചന്യം എന്നും പരയും).
2. **വേറോഗതിയില്ലായ്മ** - എംബെരുമാനെയൊഴിച്ചു വേരോ ഗതിയില്ലാ എന്നു മനസ്സിലാക്കുക. അവർതന്നെ നമ്മളെ രക്ഷിക്കുമെന്നുറച്ചു നിൽക്കുക.

ഈയഞ്ചു ശുദ്ധികളേതാണു?

പഞ്ച = അഞ്ചു. സംസ്കാരം = ശുദ്ധി.
താപം, പുണ്ട്രം, നാമം, മന്ത്രം പിന്നെ യാഗം
താപ:പുണ്ട്ര തതാ നാമ മന്ത്രോ യാഗസ്ച പഞ്ചമ: എന്നാ സ്ലോകം.

1. **താപം** - ചൂട്. ശ്രീ നാരായണന്റെ ദിവ്യായുദങ്ങളായ ശംഖ ചക്ര ചിഹ്നങ്ങളെ രണ്ടു തോളിലും പച്ചകുത്തുക. എന്തിനാ? പാത്രങ്ങളെ എളുപ്പം തിരിച്ചറിയാൻ ഉടമസ്ഥരുടെ പേരെ കൊത്തി ചേർക്കുന്നത് പോലേ. നമ്മൾ എംബെരുമാന്റെ സ്വത്താണു എന്നു ധരിപ്പിക്കാൻ.
2. **പുണ്ട്രം** - നെറ്റിയിലും, ദേഹത്തിലു വേരോ പതിനോരു ഇടങ്ങളിലും (ആകക്കൂടി പന്ത്രണ്ടു) ധരിക്കുന്ന തിരുമണ്ണും ശ്രീചൂർണവും. തിരുമൺ വെളുത്ത കുഴവാണു. ശ്രീചൂർണം ചിവന്ത കുഴവാണൂ. മേൽ നോക്കിയ രണ്ടു വെള്ള കോടുകളുടെ നടുക്കെ ശ്രീചൂർണ കോടിടുക. അതു കൊണ്ടൂ ഊർധ്വ പുണ്ട്രം എന്നാണു പേരു. ഊർധ്വ = മേൽ നോക്കിയ. പുണ്ട്രം = കുറി
3. **നാമം** - ആചാര്യൻ ദാസൻ എന്നു അവസാനിക്കുന്ന നാമഞ്ചൂട്ടും. രാമാനുജ ദാസൻ, മധുരകവി ദാസൻ, ശ്രീവൈഷ്ണവ ദാസൻ ഇങ്ങിനെ.
4. **മന്ത്രം** - ആചാര്യനിടത്തു മന്ത്ര ഉപദേശം പെരുക. മന്ത്രം ജപിക്കുന്നവരുടെ ദു:ഖത്തെ നിവർത്തിക്കും. ത്രുമന്ത്രം, ദ്വയം പിന്നെ ശരമസ്ലോകം എന്നീ മൂന്നും നമ്മുടെ സംസാര ദു:ഖത്തെ നിവർത്തിക്കും മന്ത്രങ്ങളാണു.
5. **യാഗം** - ത്രുവാരാധനം - ദിവസം വീട്ടിലു എംബെരുമാനെ പൂജിക്കുന്ന ക്രമം. ആചര്യൻ ഇതും പഠിപ്പിക്കും.

പഞ്ച സംസ്കാര ദിവസത്തന്നു നമ്മൾ എന്തു ചെയ്യണും?

1. അതിരാവിലു എഴുന്തേൽക്കുക.
2. എംബെരുമാനും നമ്മൾ തമ്മിൽ സംഭന്ധം എന്താണൂവെന്നു അറിവു ഉണ്ടാവ്വുന്ന ദിവസമല്ലേ? ഇന്നാണൂ വാസ്തവമായും നമ്മുടെ പിറന്നാൾ എന്നു ഓർത്തു ശ്രീന്നാരായണൻ, ആഴ്വാന്മാർ, ആചാര്യന്മാർ ഏവറേയും ഓർക്കുക.
3. ഊർധ്വ പുണ്ട്രം ധരിക്കുക. സന്ധ്യാവന്ദനം മുതലായ നിത്യ ക്രമങ്ങളെ അനുഷ്ടിക്കുക.
4. യതാശക്തി പൂവു, പഴം, ആചാര്യനും എംബെരുമാനുമായി വസ്ത്രങ്ങൾ എല്ലാമായി ക്രുത്യ സമയത്തു ആചാര്യൻ ത്രുമാളിക ഇല്ലെങ്കിൽ മഠത്തിൽ എത്തിച്ചേരുക.
5. സമാസ്രയണം (പഞ്ച സംസ്കാരം) പെരുക.
6. ആചാര്യനിടത്തു ശ്രീപാദതീർത്തം സ്വീകരിക്കുക.
7. ആചാര്യൻ അനുഗ്രഹിക്കുന്ന ഉപദേശങ്ങളേ ശ്രദ്ധിച്ചു കേൽക്കുക.
8. ആചാര്യൻ ത്രുമാളീക ഇല്ലെങ്കിൽ മഠത്തേ പ്രസാദം ഉണ്ണുക.
9. ആ ദിവസം മുഴുവനും ആചാര്യൻ ത്രുമാളീകയിലോ മഠത്തിലോ തന്നെ ഇരുന്നു ആചാര്യനിൽനിന്നും എത്രയും പഠിക്കാൻപറ്റുവെന്നു നോക്കണും.

10. അന്നു ഒരു ദിവസവെങ്കിലും ഓഫീസു ജോലി ഒഴിവാക്കി ആത്മ ചിന്തനായി മനശ്ശാന്തി നേടുക.

ചടങ്ങു കഴിഞ്ഞു. മോക്ഷം കിട്ടിയെന്നു ഉറപ്പായോ?

ഇനി വേരെ പണി നോക്കാമോ? ശ്രീവൈഷ്ണവ ജീവിതം ഇവിടെനിന്നാ തുടങ്ങുന്നു. ത്രുനാട്ടിൽ (പരമപദം) ശ്രീമഹാലക്ഷ്മീ സമേത ശ്രീമന്നാരായണനെ നിത്യം കൈങ്കര്യഞ്ചെയ്യാനാണും ഏകലക്ഷ്യം. അതിനായി ആചാര്യ ഭാഗവത അനുഗ്രങ്ങളെ നേടി പൂർവർ പറഞ്ഞീട്ടുള്ള പ്രകാരം നിത്യ പരിപാടികളെ ചിട്ടപ്പെറ്റുത്തുക. സ്വയം നന്നാകി ഉയർത്തിയെടുക്കുക എന്നാണും ലക്ഷ്യം. പഞ്ച സംസ്കരിച്ച ശ്രീവൈഷ്ണവരുടെ ലക്ഷണത്തെ ശ്രീ പിള്ളലോകാചാര്യർ മുമുക്ഷുപ്പടി സൂത്രം 116ലു രേഖപ്പെടുത്തിട്ടുണ്ടു:

1. ലൗകികവുംമായ എല്ലാ താൽപ്പര്യങ്ങളേയും ഒഴിവാക്കും.
2. ശ്രീമന്നാരായണനെ മാത്രം ആശ്രയിക്കും.
3. പരമപദത്തിലു ദിവ്യ ദമ്പതികളെ തീർച്ചയ്യായും നിത്യ കൈങ്കര്യം ചെയ്യുമെന്നു ഉറച്ചു നിൽക്കും.
4. എത്രയും പെട്ടെന്നു ആ ഭാഗ്യം കിട്ടുമോവെന്നു സദാ കൊതിച്ചിരിക്കും.
5. ജീവിത പര്യന്തം ദിവ്യ ദേശ കൈങ്കര്യം പിന്നെ എംബെരുമാന്റെ ദിവ്യ ഗുണ അനുഭവം എന്നു കഴിയും.
6. ഈപ്പരഞ്ഞ ശീലമുള്ള മറ്റേ ഭാഗവതർടെ മഹത്വം അറിഞ്ഞു അവരേക്കണ്ടു സന്തോഷിക്കും.
7. ത്രുമന്ത്രം പിന്നെ ദ്വയ മഹാംമന്ത്രം എപ്പോഴും ജപിക്കും.
8. തന്റെ ആചാര്യനെ ഒരുപാടു ഇഷ്ടപ്പെടും. ബഹുമാനിക്കും.
9. ആചാര്യനിടത്തും എംബെരുമാനിടത്തും കടപ്പാടുമായിക്കഴിയും.
10. സത്വ ഗുണരും, ആത്മ ജ്ഞാനിയും, ഭന്ധമില്ലാത്തവരും ശാന്തസ്വരൂപികളുമായ ശ്രീവൈഷ്ണവരുടെ കൂട്ടത്തിൽ കഴിയും.

ഇതിനും കൂടുതൽ അറിയാൻ ഈ ലിങ്കിനെ പിൻ തുടരുക:
http://ponnadi.blogspot.com/2012/08/srivaishnava-lakshanam-5.html

പഞ്ച സംസ്കരിച്ച ശ്രീവൈഷ്ണവരുടെ കടമകളായവ:

1. ഗുരു മുഖേന അർഥ പഞ്ചകം പഠിച്ചു മനസ്സിലാക്കണം.
2. പരമപദത്തിലു ശ്രീമഹാലക്ഷ്മീ സമേത ശ്രീമന്നാരായണനെ നിത്യം കൈങ്കര്യഞ്ചെയ്യാൻ കൊതിച്ചിരിക്കണം.
3. എപ്പോഴും എന്തിനേയും എംബെരുമാനെത്തന്നേ പറ്റി നിൽക്കേണം.
4. ജീവിത പര്യന്തം എംബെരുമാൻ, ആചാര്യൻ പിന്നെ ഭാഗവതന്മാർക്കു കൈങ്കര്യഞ്ചെയ്തു കൂട്ടണം.

5. ദിവ്യ ദേശ കൈങ്കര്യത്തിൽ കാലം പോക്കണം.
6. പഞ്ച സംസ്കാരത്തെ മറ്റവർക്കും ഭോധ്യപ്പെടുത്തണം.

"തത്വജ്ഞാനാൻംമോക്ഷൈ:" എന്ന സ്ലോകത്തെ അനുസരിച്ചു അർഥ പഞ്ചക ജ്ഞാനം അവശ്യമാകുന്നു.

ശ്രീവൈഷ്ണവ സിദ്ധാന്ത സാരം

1. പഞ്ച സംസ്കാരം കഴിഞ്ച നമ്മളൊക്കെ ശരണാഗതരാണു (പ്രപന്നർ). ജീവന്മാക്കളായ നമ്മെ പരമാത്മാവായ എംബെരുമാനോടേ കൂട്ടിച്ചേർക്കുന്നവർ ആചാര്യരാണും. അതു കൊണ്ടൂ നംമ്മൾ എല്ലാവരും ആചാര്യ ഭഗവത നിഷ്ടർകളാണു എന്നു ശ്രീ രാംമാനുജർ തുടങ്ങിയ പൂർവർകൾ ആവർത്തിച്ചുപ്പറയുന്നു.
2. ഈ ആത്മ സംഭന്ധം കൊണ്ടു തന്നെ പഞ്ച സംസ്കാരം മാത്രംമേ നമ്മുടെ വാസ്തവമായ പിരന്നാളാകുന്നു.
3. ജീവാത്മാ ഭാര്യ പോലാണു. പരമാത്മാ ഭർത്താവിനെപ്പോലാണു. അതുകൊണ്ടാ മറ്റ ദൈവങ്ങളെ പഞ്ച സംസ്കരിച്ചവർ തൊഴാൻ പാടില്ലാ.
4. ഇങ്ങിനേ ഈ അല്പ നിസ്സാര വസ്തുക്കളിൽ ഇഷ്ടം ഒഴിവാക്കി സംശാര സാഗരത്തെ പിരിഞ്ഞു എംബെരുമാന്റെ നിത്യമായ പരമപദത്തിൽ സദാ കൈങ്കര്യഞ്ചെയ്യാൻ ഇഷ്ടപ്പെടുന്നതേ ഈ ജന്മ സഫലമാണു.

പഞ്ച സംസ്കാരം ചെയ്യാൻ ആർക്കാണു അതികാരം?

ശ്രീവൈഷ്ണവം അനാദിയായ സമ്പ്രദായമെന്നാലും, ശ്രീരാമാനുജരാണു ഈ ക്രമം സ്ഥാപിച്ചു. എല്ലാ ശാസ്ത്രങ്ങളെയും ആരായ്ഞ്ചു, ശ്രീ ആളവന്താർ ശ്രീ നാഥമുനികൾ മുതലായ പൂർവാചാര്യന്മാർ പറഞ്ഞതെ അനുസരിച്ചു എല്ലാത്തിനും അതിനതിനായ വഴിമുറകളെ സ്പഷ്ടമാക്കി.

നാലായിര ദിവ്യ പ്രബന്ധങ്ങളേയും അവയുടെ അർത്ഥങ്ങളേയും പ്രചാരണം ചെയ്യാനായി ശ്രീ മണവാളമാമുനികളായി പിന്നും ശ്രീ രാമാനുജർ പുനർ അവതരിച്ചു. ശ്രീ രംഗ നാഥനും ശ്രീ മണവാളമാമുനികളെ ആചാര്യനായി വരിച്ചു സ്വയം ആദിഗുരുവായി തുടങ്ങിയ ഗുരുപരമ്പര രത്ന ഹാരത്തെ താൻ തന്നെ കെട്ടിച്ചു സമാപിച്ചു.

പിന്നും ശ്രീ മണവാളമാമുനികളുടെ അഷ്ടദിഗ്ഗജങ്ങൾ എന്ന എട്ടു ശിഷ്യന്മാരാലും, പ്രത്യേകിച്ചും പ്രദാന ശിഷ്യർ ശ്രീ പൊന്നടിക്കാൾ ജീയർ വഴിയായി, ശ്രീ വൈഷ്ണവ സമ്പ്രദായം നന്നായി പോഷിച്ചെടുത്തു.

അതിനപ്പുറവും ഒരുപാട് ആചാര്യന്മാർ അവതരിച്ചു, നമ്മുടെ പൂറുവന്മാർ തിരുമനസ്സുകൊണ്ട് ശ്രീ വൈഷ്ണവ സമ്പ്രദായത്തെ പാലിച്ചു.

ഇതൊക്കെ ചിട്ടപ്പെടുത്തിയ സ്വാമി രാമാനുജരുടെ വിശ്വാസത്തിലു എന്നെന്നേയ്ക്കും സ്തുതിയായിരിക്കട്ടേ. നമ്മേവരെയും അംജ്ഞാനത്തിൽ നിന്നും പൊക്കിയെടുത്തു, എംബെരുമാൻ കൈങ്കര്യവും മംഗലാശാസനവും തന്നെ ജീവിതമെന്നു കാണിച്ചുത്തന്ന അവരുടെ തൃപ്പാദങ്ങളെ സദാ സ്മരിക്കുക.

ആചാര്യ ശിഷ്യ സംബന്ധം

പഞ്ച സംസ്കാരം കഴിഞ്ഞു. ശിഷ്യനായി നമ്മുടെ കടമകളേതാണ്? ആചാര്യൻ നമ്മളുവായി എങ്ങിനെ പെരുമാറും? ആചാര്യ ശിഷ്യ സംബന്ധത്തെക്കുറിച്ചു നമ്മുടെ പൂരുവർകൾ തിരുമനസ്സു അറിയാം.

ശാസ്ത്രങ്ങളെ നന്നായി പഠിച്ചു, അതേ പ്രകാരം പ്രവർത്തിച്ചു, ഉപദേശിക്കുന്നവരാണ്, ആചാര്യൻ. മഹാ സന്യാസിയായാലും ശ്രീമന്നാരായണന്റെ പരത്വം സമ്മദിക്കാത്തവരെ ശാസ്ത്രങ്ങൾ അങ്ങിനെ കണക്കാക്കുന്നില്ല. ആചാര്യൻ ശ്രീവൈഷ്ണവനാകേണ്ടതു വളരെ മുഖ്യമാണ്. അതായതു, ശ്രീമന്നാരായണനെ പരംപൊരുളായി ഏറ്റ് അങ്ങേയുടെ തിരുമനസ്സു കുളിരെ ആചാര്യൻ ജീവിക്കുന്നത് പ്രധാനം.

പഞ്ച സംസ്കാര സമയത്തു തൃമന്ത്രം, ദ്വയം ചരമ ശ്ലോകങ്ങളെ ഉപദേശിക്കുന്നവരെ ആചാര്യൻ എന്ന് പൂർവന്മാർ പറയും. ശിക്ഷ ഏൽക്കുന്നവൻ ശിഷ്യൻ. ശിക്ഷ എന്നാൽ പാഠം, തിരുത്തം. നമ്മുടെ തെറ്റ്കളെ, കുറവുകളെ മാറ്റി ആചാര്യൻ കാട്ടിയ വഴിയിൽ ജീവിക്കുന്നതാണു തിരുത്തം.

ഉടയവർ - കൂരത്താഴ്വാൻ - ആദർശ ആചാര്യനും ശിഷ്യനും

ആചാര്യ ശിഷ്യ സംബന്ധത്തെ കുറിച്ചു വിപുലമായി ആരായുകയായ നമ്മുടെ പൂർവന്മാർ, ഒടിവിൽ അച്ഛനും മകനും പോലായ ബന്ധം എന്നു തെളിഞ്ഞു. പുത്രൻ പിതാവിനെ അനുസരിക്കുന്നതു പോലെ ശിഷ്യൻ ആചാര്യനെ അനുസരിക്കേണ്ടതാണു.

ഭഗവദ്ഗീത നാലാം അദ്ധ്യായം മുപ്പത്തിനാലാം ശ്ലോകത്തില് ശ്രീകൃഷ്ണൻ "ജ്ഞാന ഉപദേശങ്ങൾ ലഭ്യമാക്കാൻ തത്ത്വ ദർശികളായ ആചാര്യരേ നീ കണ്ടെത്തി, അവരെ

വന്ദിച്ചു, അവരെ സേവിച്ചു, അവരിടത്തിൽ ജ്ഞാനം ചോദിച്ചു നേടണം" എന്നു ഉപദേശിച്ചു.

ശിഷ്യന് ആവശ്യമായ ഗുണങ്ങൾ

- പിള്ളലോകാചാര്യർ പറഞ്ഞു:
    - എംബെരുമാനും ആചാര്യനും അല്ലാത്ത വേറേ ഐശ്വര്യ ആത്മാനുഭവങ്ങളെ വിട്ടൊഴിക്കുക.
    - ആചാര്യന് എപ്പോഴും ഏതു സേവയും ചെയ്യാൻ തയ്യാറായിരിക്കുക.
    - ഐഹിക ഐശ്വര്യാദികളേ സഹിക്കാനാവില്ലാ.
    - ഭഗവദ് വിഷയ, ആചാര്യ സേവനങ്ങളിൽ മാത്രം ഉത്സാഹമായിരിക്കുക.
    - ഭഗവദ് ഭാഗവത വിഷയങ്ങളെ പഠിക്കുംപോഴ് അസൂയപ്പെടാതിരിക്കുക.
- സ്വയം അന്തിമക്രിയയ്ക്കുള്ള സ്വത്തൊഴിച്ചു എല്ലാത്തെയും ആചാര്യന്റേതായി കരുതുക.
- "മാതാ പിതാ" എന്ന ശ്ലോകത്തില് ആളവന്താർ - "എന്റെ വംശത്തിനു എക്കാലത്തും സമാനരില്ലാത്ത അമ്മയും അച്ഛനും വീട്ടമ്മയായും ധനമായും മക്കളായും പിന്നും ഒരുപാടു ഐശ്വര്യങ്ങളുമായ ഞങ്ങളുടെ കാർണവരായും ഉള്ള ആ മഹാ മഹിമനായ മകിഴ മാല ചൂടുന്ന മാറൻ തൃപ്പാദങ്ങളെ വന്ദിക്കുന്നു" - എന്നു പറഞ്ഞാപ്പോലേ ആചാര്യനേ സർവവും എന്നു കരുതിയിരിക്കുക:
- ആചാര്യൻ ദേഹ സുഖം പാലിക്കുക.
- ഈലോകത്തുള്ള വരെ ആചാര്യനെ വിട്ടകലാതിരിക്കുക എന്നു ശ്രീ മണവാള മാമുനികൾ ഉപദേശിച്ചു.
- ആചാര്യൻ സന്നിധിയില്, ആചാര്യനെ കീർത്തിച്ചു, സദാ നന്ദിയോടിരിക്കുക.
- ആചാര്യന്റെ ദേഹ രക്ഷണം മാത്രവേ ശിഷ്യന്റെ ചുമതല. ആത്മരക്ഷണം അല്ലാ. അതുകൊണ്ടു ആചാര്യൻ ഗുണങ്ങളേയോ കൃത്യങ്ങളേയോ ഓർക്കാപ്പുറത്തും വിമർശിക്കരുതു.
- ഒരു മാതൃകാ ശിഷ്യനാവുന്നതു അത്ര ഇലപ്പമല്ലാ. അതുകൊണ്ടാണു സ്വയം ശ്രീമന്നാരായണൻ തന്നെ നരൻ എന്ന ശിഷ്യനായി അവതരിച്ചു അനുഷ്ഠാന പൂർവം നമുക്കു ഒരു മാതൃകയായി.

സദാചാര്യ ഗുണങ്ങൾ

- ആചാര്യന്മാർ, ശ്രീ മഹാലക്ഷ്മീ പിരാട്ടിയെപ്പോൽ തന്നെ, ജീവന്മാർക്കായി എംബെരുമാനിടത്തു ശുപാർശ ചെയ്യുന്നു.
- ശ്രീമഹാലക്ഷ്മീയെപ്പോലേ എംബെരുമാനെ മാത്രം ഗതിയായ്ക്കരുതിയിരിക്കുന്നു (അനന്യഗതിത്വം). എംബെരുമാനെ മാത്രം പണിയും (ശേഷഭൂതന്മാർ).

എംബെരുമാൻ തന്നെ ഉപായമെന്നു ഉരച്ചു, അങ്ങേയുടെ പ്രസന്ന വദനം തന്നെ ലക്ഷ്യമാക്കിയിരുക്കുക.

- ശിഷ്യർക്കു പതിവായി ഭഗവാനെ ആരാദിക്കാൻ പഠിപ്പിച്ചു, സർവം ക്രുഷ്ണമയമെന്നു ഭോദ്ധ്യപ്പെടുത്തുന്ന കരുണാമൂർത്തിയാണു.
- ശിഷ്യന്റെ ആത്മ ഉജ്ജീവനത്തെ കരുതിയിരിക്കുക - മണവാള മാമുനികൾ വാക്കു.
- തന്നെക്കുരിച്ചും, ശിഷ്യനെക്കുരിച്ചും, ഫലം എന്താണുവെന്നും ആചാര്യന്മാർക്കു വ്യക്തമാണു - പിള്ളലോകാചാര്യർ വാക്കു.
- ആചാര്യൻ -
  - തന്റെ ആചാര്യനെത്തന്നെ ആചാര്യനായി ഭാവിക്കുന്നു. സ്വയം തന്നെയല്ലാ.
  - ശിഷ്യനെ തന്റെ ആചാര്യന്റെ ശിഷ്യനായി കാണും. തന്റെ ശിഷ്യനായിട്ടല്ലാ.
  - എപ്പോഴും, എവിടേയും എംബെരുമാനെ തൊഴുകവെന്നു ശിഷ്യന്മാരെ പഠിപ്പിക്കും.
- ഉജ്ജീവിക്കാനായി, വേറോ ഗുണ ദോഷങ്ങളൊന്നും നോക്കാത്തെ തന്നിടത്തു വന്നു ചേർന്ന ശിഷ്യരോടേ ആചാര്യന്മാർ വളര ബഹുമാനത്തോടാ പെരിമാറുന്നുവെന്നു പ്രത്യക്ഷമായി നമ്മൾ കാണൂന്നു. ഇതു തന്നേയാണൂ വാർഥാമാലയിലും പറഞ്ഞിട്ടുള്ളതു.
- സ്വയം ശ്രീരംഗനാഥൻ തന്നേ ആചാര്യനാകാൻ ഇഷ്ടപ്പെട്ടു. എന്നിട്ടു ഓറാണ്വഴി ആചാര്യ പരമ്പരയിലു ഓണ്ണാമത്തെ ഗുരുവായി. കൂടാത്തെ തനിക്കുമൊരു ആചാര്യൻ വേണുമെന്നു ഇഷ്ടപ്പെട്ടു, മണവാള മാമുനികളേ ആശ്രയിച്ചു.

അനുവ്രുത്തിപ്രസന്നാചാര്യൻ:

പണ്ടൊക്കെ, ശിഷ്യനാവാൻ താൽപ്പര്യമുള്ളവർ, ആചാര്യൻ ഇല്ലത്തിച്ചെന്നു, നമസ്കരിച്ചു, ഒരു കൊല്ലമെങ്കിലും അവരുടെ കൂടത്തന്നേ താമസിച്ചു, ആചാര്യനു കൈങ്കര്യം ചെയ്യും. അവരുടെ ജ്നാനം, വൈരഗ്യമെന്നിവകളെ ആചാര്യൻ പരിശോദിച്ചു, ഇഷ്ടപ്പെട്ടാലു, അവർകു ശിക്ഷ തുടങ്ങും. ഇങ്ങിനെ എഴുന്നരുളിയിരുന്നവരാണൂ അനുവ്രുത്തിപ്രസന്നാചാര്യർ.

ക്രുപാമാത്രപ്രസന്നാചാര്യൻ:

കാലമിതു കലി കാലമല്ലേയോ? വിതികൾ ഇത്തരം കടുത്തമായാൽ, ഐഹിക ജീവിതത്തിൽ നിന്നും വൈദീക ജീവിതത്തേക്കു മാരാൻ, ജീവന്മാർക്കു വളരെ ബുദ്ധിമുട്ടാവുലേ. പിന്നെ അവർക്കു എങ്ങിനെ വിഷ്ണു സായുജ്യം കിട്ടും? ഇങ്ങിനെ ഓർത്തു, ശ്രീ രാമാനുജർ, ശിഷ്യനാവാൻ ഇഷ്ടം പ്രദാനം. യോഗ്യതയല്ലാ. എന്നു മാറ്റി. ഇതൈ മണാവാള മാമുനികൾ, ഉപദേശരത്തമാലയിലു, "ഓരാണ്വഴിയായി പൂരുവരുപദേശിച്ചു. ഗ്മ്ബീരമായ യതിരാജർ, കാരുണ്യകൊണ്ടു, ഈഭൂലോകത്തേ ഭഗവാനെ അറിയാൻ

ഇഷ്ടമുള്ളവർക്കെല്ലാം, ആചാര്യന്മാരേ! ഉപദേശിക്കു! എന്നു പറഞ്ഞു പുതിയ വിതിയുണ്ടാക്കി" എന്നു അദ്ഭുതമായിപ്പാടി.

ഉദ്ധാരക ആചര്യൻ:

നായനാരാച്ചാൻ പിള്ള ചരമോപായ നിർണയം എന്ന ഗ്രന്ഥത്തിൽ പറഞ്ഞതു:
തന്നെ ശരണം ചെയ്ത ശിഷ്യരെ സംസാര സാഗരത്തിൽനിന്നും പരമപദത്തിൽ കൈപിടിച്ചുയർത്തി കരകേറ്റുന്നവരാണു ഉദ്ധാരക ആചാര്യൻ.
എംബെരുമാൻ (ശ്രീനാരായണൻ), നമ്മാഴ്വാർ പിന്നെ എംബെരുമാനാർ (ശ്രീരാംമാനുജർ) ഇവർ മൂന്നു പേരും ഉദ്ധാരകാചര്യന്മാരാണു. വര വര മുനി ശതകം എന്ന ഗ്രന്ഥത്തിലു മണവാള മാമുനികളേയും നാലാവതായി എരുംബിയപ്പാ ക്കൂട്ടിചേർത്തു.

പെരിയ പെരുമാൾ, ശ്രീരംഗം

സര്വജ്ഞനും, സര്വശക്തനും, സര്വസ്വതന്ത്രനുമായ എംബെരുമാനെ തന്നിഷ്ടം പോലേ ആർക്കും മോക്ഷം നൽകാൻ സാധിക്കും.

ശ്രീ നമ്മാഴ്വാർ, ആഴ്വാർ തിരുനഗറി

- നല്ല തത്വങ്ങളോടെ ഹിതമായി ചേരുന്ന ലക്ഷ്യങ്ങളെ സംസാരികള്ക്കു പഠിപ്പിച്ചു അവരെ നല്ലതേ പ്രവർത്തിക്കാൻ ശിക്ഷയും ചെയ്യുന്ന നമ്മാഴ്വാർക്കും മോക്ഷം അനുഗ്രഹിക്കാൻ സാധിക്കും.
- ശ്രീകൃഷ്ണനു് തന്റെ വിരഹ വേദന പറയാൻ ദൂത് പോകുന്ന പക്ഷികൾക്ക് സ്വര്ണലോകമും (പരമപദം എന്ന നിത്യ വിഭൂതി), ഭുവനം മുഴുവനും (ലീലാവിഭൂതി) ഭരിക്കാൻ തരുമെന്നു നായികാ ഭവനയോടെ പാടി ഈക്കാര്യം സൂചിപ്പിച്ചു. ("പൊന്നുലക്" എന്നു തുടങ്ങും തിരുവായ്മൊഴി 6-8-1)

എംബെരുമാനാർ, ശ്രീപെരുംബുതൂരില്

- നിത്യ ലീലാ വിഭൂതികൾക്കു ഉടമയായി "ഉടയവർ" എന്നേ ശ്രീരാമാനുജരെ വിളിച്ചു ശ്രീരംഗനാഥനും, ശ്രീവേങ്കടേശ്വരനും.
- ഈ ലോകത്ത് ഭഗവദ് അനുഭവത്തിൽ മുങ്ങിയിരുന്നു എല്ലാ ദിവ്യ ദേശത്തേ എംബെരുമാങ്കളു 120 കൊല്ലം സേവ ചെയ്തു. അവരുടെ ആജ്ഞാ പാലിച്ചു.
- ക്ഷേത്ര വഴിപാട്ടു ക്രമങ്ങളെ പൂർത്തിയായി എംബെരുമാന്റെ തിരുമാനസ്സുപോൾതന്നെ നടപ്പിലാക്കി.
- 74 ശ്രീവൈഷ്ണവ സിംഹാസനാധിപതികളെ സ്ഥാപിച്ചു, ആയിരക്കണക്കിന് ശിഷ്യന്മാരേയും കൂട്ടിച്ചേർത്തു ക്ഷേത്ര വഴിപാട്ടേ പതിവാക്കി.
- **എംബെരുമാൻ** ശാസ്ത്രങ്ങളെ അനുസരിക്കുന്നു. അതിൽ പറഞ്ഞ പ്രകാരം ഓരോ ജീവർക്കും അവരുടെ ഇഷ്ട / കർമ്മ പ്രകാരം മോക്ഷത്തിലേക്കു അയയ്ക്കുകയോ സംസാരത്തിൽ തന്നെ ഇരുത്തുകയോ ചെയ്യുന്നു.
- **നമ്മാഴ്വാർ** പരജ്ഞാനം കിട്ടീട്ടും സ്വയം മോക്ഷത്തിന് പോകാൻ കൊതിച്ച്, ഭഗവദ് അനുഭവത്തിൽ മുങ്ങി, 32 കൊല്ലം മാത്രം ഈലോകത്തു കഴിഞ്ഞു പരമപദം പോയി.
- **എംബെരുമാനാരോ**, തന്റെ നിരവതി കരുണയാല്, പരജ്ഞാനത്തെ ആഗ്രഹിക്കുന്നവർക്കു, ആ ആഗ്രഹം മാത്രം അടിസ്ഥാനവാക്കി, പരജ്ഞാനത്തെ ഉപദേശിച്ചു.
- **അതുകൊണ്ട്**, ഉദ്ധാരകത്വം എംബെറുമാനാരിടത്തിൽ തന്നേ പൂർത്തിയായും ഉള്ളതെന്നും നായനാരാച്ചാൻ പിള്ള തീരുമാനിച്ചു.

ഉപകാരക ആചാര്യൻ:

- ഒരു ശിഷ്യനെ ഉദ്ധാരക ആചാര്യനിടത്തു കൊണ്ട് പോകുന്നവർ ഉപകാരക ആചാര്യനാണു.
- നമ്മുടെ ആചാര്യ പരമ്പര വഴിയായി നമ്മെ എംബെരുമാന്റെ അടുപ്പിച്ചു സംസാരം വിട്ടു പരമപദം പോകാന് ഉപകരിക്കുന്നു.
- നമ്മുടെ സമ്പ്രദായത്തു ശ്രീരാമാനുജർക്കുള്ള സ്ഥാനം വളരെ പ്രാധാന്യമുള്ളതാണു. എന്നാലും, ഉദ്ധാര ഉപകാരക ആചാര്യന്മാർ രണ്ടു പേരും നമുക്കു ആവശ്യം. ഉദ്ദേശ്യം കാണിച്ചുകൊടുത്തു ഉയർത്തുന്നു.

സമാശ്രയണ ആചാര്യൻ

നമുക്കു സമാശ്രയണം ചെയ്യുന്നവരാണ്.

ജ്ഞാന ആചാര്യൻ

നമുക്ക് ഗ്രന്ഥം കാലക്ഷേപ മുഖേന ജ്ഞാനം പഠിപ്പിക്കുന്നവരാണ്.
സമാശ്രയണ, ജ്ഞാന ആചാര്യന്മാർ രണ്ടു പേരേയും ഒരുപ്പോലെ ബഹുമാനിക്കുക. ചിലർക്കു രണ്ട് പേരും ഒന്നാവാം. വാസ്തവമായി നമ്മൾ എല്ലാ ശ്രീവൈഷ്ണവന്മാരേയും നമ്മുടെ ആചാര്യന്മാരായി കരുതി ബഹുമാനിക്കണമെന്നാ ശ്രീവചന ഭൂഷണം പറയുന്നു. ചുരുക്കത്തിൽ, ശിഷ്യൻ എപ്പോഴും ആചാര്യന്റെ പക്ഷത്തിലാവണം. ആചാര്യന്റെ ഐഹിക ആവശ്യങ്ങളെല്ലാം നോക്കണം. ഇതിനായി എപ്പോഴും ആചാര്യനെ ബന്ധപ്പെട്ടിരുന്നു എന്താണ് വേണ്ടെന്നു അറിയണം.

ഉദാഹരണങ്ങൾ:

ആചാര്യ ശിഷ്യ സംബന്ധത്തിനു ഉദാഹരണമായി പലതും നമ്മുടെ പൂറുവർ ചരിത്രത്തിലുണ്ട്. ചിലതേ ഇവിടെ എടുത്തു പറയുന്നു:

- **ഉയ്യകൊണ്ടാർ - മണക്കാൾ നംബി** - മണക്കാൾ നംബി തന്റെ ആചാര്യൻ തിരുമാളിക ചുറ്റ്കാര്യങ്ങൾ എല്ലാം നോക്കിയിരുന്നു. ആചാര്യന്റെ കൊച്ചു മോൾ കടക്കാൻ വേണ്ടി താൻ തന്നെ പാലമായി ഒരു ഓടയിന് കുറുക്കേ കിടന്നു. മോളും അവരുടെ മുതുകില് മണൽ ഒട്ടിയ കാൽ വയ്ച്ചു കടന്നു. അതുകൊണ്ട് അവർക്കു ഉണ്ടായ പേരാണ് മണൽ കാൽ നംബി.
- **മണക്കാൾ നംബി - ആളവന്താർ** - പതമണക്കാൾ നംബി പതിവായി തൂതുവളയെന്ന ചീര കൊടുക്കുന്ന വ്യാജത്തില്, ആളവന്താർ പിന്നിൽ ചെന്നു, ഒരു കളി പോലേ നമ്മുടെ സമ്പ്രദായത്തിൽ അവരെ ചേർത്തു.
- **എംബെരുമാനാർ - ആഴ്വാൻ** - ശിഷ്യന്തന്നെയായാലും എംബെരുമാനാർ ആഴ്വാനെ ബഹുമാനത്തോടെ തന്നെയാണു കണ്ടിരുന്നു. ഒരിക്കിൽ എംബെരുമാനാർ ആഴ്വാനുമായി പിണങ്ങി. "അടിയൻ എംബെരുമാനാർ സ്വത്തു. അവിടത്തെ തൃമനസ്സുപോലെ ഉപയോഗിക്കാം" എന്നു ആഴ്വാൻ പറഞ്ഞു.
- **തിരുമല നംബികൾ - എംബാർ** - തിരുമല നംബികൾക്കു ദിവസവും ശയനം തയ്യാറാക്കിയ പിന്നെ അതിൽ കിടന്നു പരിശോദിക്കുവായിരുന്നു എംബാർ. ഒരിക്കൽ ഇതേക്കണ്ട ശ്രീരാമാനുജർ ഇതു പാപമല്ലെയോവെന്നു ചോദിച്ചു. ഗുരുതരമായ പാപമെന്നാലും കുഴപ്പമില്ല. ആചാര്യന് നല്ല ഉറക്കം കിട്ടേണ്ട എന്നു മറുപടി പറഞ്ഞു.
- **എംബെരുമാനാർ - ഭട്ടർ - അനന്താഴ്വാൻ** - "എന്റെ ശിഷ്യൻ ഭട്ടരെ ജ്ഞാൻ എന്നേ കരുതിയിരിക്കുക" എന്നു തന്റെ മറ്റോ ശിഷ്യനായ അനന്താഴ്വാനിടം ശ്രീരാമാനുജർ പറഞ്ഞു.

- **ഭട്ടർ - നംജീയർ** - രണ്ടു പേരും ആചാര്യ ശിഷ്യ മാതൃകയായിരുന്നു. "അടിയന്റെ സന്യാസ ആശ്രമം ആചാര്യ കൈങ്കര്യത്തിന് ഒരു തടസ്സമായാല് അപ്പത്തന്നെ ഈ ത്രിദണ്ഡം വിട്ടേയ്ക്കും" എന്ന് നംജീയർ പറയും.
- **നംജീയർ - നമ്പിള്ള** - രണ്ടു പേർക്കുമിടയ്ക്കു നാലായിര ദിവ്യ പ്രബന്ധ പാസുര വ്യാഖ്യാന ബേദങ്ങൾ ഉണ്ടായിട്ടും, ആചാര്യൻ നംജീയർ ശിഷ്യൻ നമ്പിള്ളയുടെ ഉപന്യാസ വ്യാഖ്യാനങ്ങളെ ഉത്സാഹിപ്പിച്ചിരുന്നു.
- **നമ്പിള്ള - പിൻപഴക്കിയ പെരുമാൾ ജീയർ** - കാവേരയിൽ നീരാടി തിരികെ വരും ആചാര്യൻ നമ്പിള്ളയെ തുടർന്നു അവരുടെ മുതുകിൽ നീർത്തുള്ളികൾ കാണാൻ തന്നെ പരമപദവും വെറുത്തിരുന്നു.
- **കൂര കുലോത്തമ ദാസർ - തിരുവായ്മൊഴിപ്പിള്ള** - തിരുവായ്മൊഴിപ്പിള്ളയെ പ്രയാസപ്പെട്ടു സമ്പ്രദായത്തിലേക്കു കൊണ്ടുവന്നു.
- **തിരുവായ്മൊഴിപ്പിള്ള - മണവാളമാമുനികൾ** - തിരുവായ്മൊഴിപ്പിള്ള പറഞ്ഞാപ്പോലേ ശ്രീഭാഷ്യം ഒരു പ്രാവശ്യം മാത്രം വായിച്ച് മിച്ചമുള്ള കാലമെല്ലാം അരുളിച്ചെയൽ വ്യാഖ്യാനങ്ങളിലും രഹസ്യ ഗ്രന്ഥ കാലക്ഷേപത്തിലുമായി കഴിഞ്ഞു.
- **മണവാളമാമുനികൾ - ശ്രീരംഗനാഥൻ** - ഒരു കൊല്ലം തന്റെ സാന്നിദ്ധ്യത്തില് മണവാളമാമുനികളുടെ ഈട് കാലക്ഷേപം ഉഭയ നാച്ചിമാർ സഹിതം കേട്ടു, ആചാര്യന് രണ്ടു സംഭാവനകൾ സമർപ്പിച്ചു:
  - ശ്രീശൈലേശ എന്നു തുടങ്ങും തനിയൻ
  - സ്വന്തം പന്നഗ ശയനം

ശ്രീശൈലേശദയാപാത്രം ധീഭക്ത്യാദിഗുണാർണവം |
യതീന്ദ്രപ്രവണം വന്ദേ രമ്യജാമാതരം മുനിം ||

- **മണവാളമാമുനികൾ - പൊണ്ണടിക്കാൾ ജീയർ** - സ്വന്തം ശംഖ ചക്ര ലാഞ്ചനങ്ങളെ കൊടുത്തു, ശിഷ്യർ പൊണ്ണടിക്കാൾ ജീയരേ സ്വന്തം സിംഹാസനത്തിലും ഇരുത്തി, അപ്പാച്ചിയരണ്ണാവിന് സമാശ്രയണം ചെയ്യിപ്പിച്ചു.

ആഴ്വാർ, എംബെരുമാനാർ ജീയർ തൃപ്പാദങ്ങളെ കൂപ്പുന്നു.

ഗുരു പരമ്പര

എന്തിനെ ആചാര്യന്റെ സഹായം?

ഗജേന്ദ്രൻ എന്ന ആന, ഗുഹൻ എന്ന വേട്ടക്കാരൻ, ശബരി എന്ന താഴ്ന്ന കുല മുത്തശ്ശി, അക്രൂരർ എന്ന യാദവ വയസ്സൻ, ത്രിവക്രാ എന്ന മുതുക് വളഞ്ഞ പെണ്ണ്, മാല കെട്ടുന്ന മാലാകാരർ എന്നിങ്ങനെ ഏവർക്കും സ്വയം നേരിൽക്കണ്ട് എംബെരുമാൻ കടാക്ഷിച്ചു. എന്നിട്ടു നമുക്കു മാത്രം എന്തിനെ ആചാര്യന്റെ സഹായം? എന്ന ചോദ്യം സ്വാഭാവികമായും ഉണ്ടാവാം.

ഏതുമിലാത്ത എല്ലാ ഉയിർകൾക്കും ഹിതം ചെയ്യുന്ന സ്വാഭാവികനായാലും, ചേതനരുടെ കർമങ്ങൾക്കു തക്കതായ ഫലമാണ് എംബെരുമാൻ അനുഗ്രഹിക്കുന്നു. അതു കൊണ്ട് ഇവിടെയാണ് ഒരു ആചാര്യന്റെ ആവശ്യം നമ്മള് മനസ്സിലാക്കാം. തൈലധാരയെപ്പോൾ ഒഴുകുന്ന കരുണയാൽ, ചേതനർ ഉജ്ജീവിക്കാൻ പല അവസരങ്ങള് കൊടുത്തു, ഒരു സദാചാര്യനേയും അടുപ്പിച്ചു, അവരെക്കൊണ്ട് ഐഹിക മോഹങ്ങളിൽ നിന്നും വിടുവിച്ചു, ഭഗവാനേയും, അവന്റെ ദയയെയും മാത്രം വിശ്വസിപ്പിക്കുന്നു, ആചാര്യൻ.

പിരാട്ടിയെപ്പോൾ ആചാര്യനും തന്റെ ശിഷ്യൻ ലോക വ്യവഹാരങ്ങളിൽ നിന്നു നീങ്ങി എംബെരുമാൻ കരുണ മാത്രം ഓർത്തു ജീവിക്കുന്നുണ്ടോവെന്നു ഉറപ്പു വരുത്തുന്നു. കർമ്മങ്ങൾകായ ഫലത്തെ എംബെരുമാൻ അനുഗ്രഹിച്ചാലും, ആചാര്യൻ ശിഷ്യന് വേണ്ടി ശുപാർശിച്ചു മോക്ഷം വാങ്ങിത്തരുന്നു. കൈയെപ്പിടിച്ചു കാര്യം സാധിക്കുന്നത് പോലെയാണു എംബെരുമാനിടത്തു നേരിട്ടു പോകുന്നതു. ആചാര്യമുഖേന മോക്ഷം പ്രാപിക്കുന്നതു കാലു പിടിച്ചു കാര്യം സാധിക്കുന്നത് പോലെയാണു. നേരിട്ടു സായൂജ്യം നൽകിയതിന് കൂടുതൽ ആചാര്യമുഖേന മോക്ഷം അരുളിയതാ കൂടുതൽ. എന്നിട്ടാണ് പൂർവാചാര്യർ വാക്കു.



ഉദ്ധാരക ആചാര്യൻ ഉടയവർ

ആചാര്യന്മാരെകുറിച്ചു പറയുമ്പോൾ നമ്മുടെ പൂർവാചാര്യ ഗുരു പരമ്പരയെ ഓർക്കാതെ വഴിയില്ലാ. അവരുടെ മാർഗ്ഗ ദർശനം ഇല്ലാത്തെ ഇത്തരയും ശ്രീവൈഷ്ണവർ ഇന്നുണ്ടാകുവോ?

ആഴ്‌വാന്മാർ

ശ്രീവൈഷ്ണവ സനാതന ധർമ്മം കാലങ്കാലമായി തുടരുന്നുണ്ട്. ദ്വാപര യുഗത്തിന് ഓടിവിൽ ആഴ്‌വാന്മാർ ക്രമേണ ദക്ഷിണ ഭാരത നദി തീരങ്ങളിൽ അവതരിച്ചു. ഇവരൊക്കെ അവതരിച്ചു എംബെരുമാന്റെ ഗുണകീർത്തനം ചെയ്യുമെന്നു ശ്രീ വ്യാസ മഹർഷി ശ്രീമദ് ഭാഗവദത്തിൽ സ്പഷ്ടമായിപ്പറഞ്ഞു. പൊയ്കയാഴ്വാർ, ഭൂതത്തതാഴ്വാർ, പേയാഴ്വാർ, തൃമഴിസൈയാഴ്വാർ, കുലശേഖരാഴ്വാർ, പെരിയാഴ്വാർ,

തൊണ്ടരടിപ്പൊടിയാഴ്വാർ, തൃപ്പാണാഴ്വാർ, തൃമങ്ങയാഴ്വാർ, ആണ്ടാൽ, മധുരകവിയാഴ്വാർ എന്നീ പന്ത്രണ്ടു ആഴ്വാമ്മാരും ക്രമേണ അവതരിച്ചു. ദൈവ സങ്കല്പം പോലെ നാലായിരം പാസുരങ്ങളെ പാടി, മൂന്നു തത്ത്വങ്ങളെ നിർണയിച്ചു. നമുക്കു അഞ്ചു മുഖ്യമായ ആർത്തങ്ങളെ അരുളി. പരജ്ഞാന പരമ ഭക്തി വഴിയിനെ കാണിച്ചു. വേദങ്ങളിൻ സാരം നാലായിര ദിവ്യ പ്രബന്ധങ്ങൾ. നാലായിരത്തിന്റെ സാരം അതിൽ ഓടിവിലെത്തെ ആയിരമായ തിരുവായ്മൊഴി.

ആചാര്യന്മാർ

ആഴ്‌വാന്മാർ വഴിയിൽ തുടർന്നു പ്രവർത്തിച്ചു ആചാര്യന്മാർ. ശ്രീമൻ നാഥമുനികൾ, ഉയക്കൊണ്ടാർ, മണക്കാൾ നംബി, ആളവന്താർ, പെരിയ നംബികൾ, പെരിയ തിരുമല നംബികൾ, തിരുക്കോട്ടിയൂർ നംബികൾ, തിരുമാലയാണ്ടാൻ, ആഴ്വാർ തിരുവരംഗപ്പെരുമാൾ ആരയർ, എംബെരുമാനാർ, എംബാർ, ആഴ്വാൻ, മുദലിയാണ്ടാൻ, അരുളാളപ്പെരുമാൾ എംബെരുമാനാർ, അനന്താഴ്വാൻ, തിരുക്കുരുകൈപ്പിരാൻ പിള്ളാൻ, എങ്ങളാഴ്വാൻ, നടാതൂരമ്മാൾ, ബട്ടർ, നംജീയർ, നംപിള്ള, വടക്കുത്തിരുവീതിപ്പിള്ള, പെരിയവാച്ചാൻ പിള്ള, പിള്ള ലോകചര്യർ, അഴകിയ മണവാളപ്പെരുമാൾ നായനാർ, കൂര കുലോത്തമ ദാസർ, തിരുവായ്മൊഴിപ്പിള്ള, വേദാന്താചാര്യർ, മണവാളമാമുനികൾ എന്നു ഇങ്ങനെ ഇടയേ വിട്ടുപ്പോകത്തെ വേരോ അതിരില്ലാത്തെ ആചാര്യ പരമ്പര നാലായിരത്തോളം പ്രബന്ധങ്ങകുടെ ആർത്ഥത്തെ നമുക്കു ഉപദേശിക്കുന്നു.

ഈ ആചാര്യന്മാർ ആഴ്വാന്മാരുടെ പാസുരങ്ങളേ തെളിവായും വിശദമായും വ്യാഖ്യാനിച്ചിട്ടുണ്ട്. നമ്മള് പഠിച്ചു ഭഗവദ് വിഷയത്തെ സ്ഥിരമായി ഓർക്കാനായി അവര് വിട്ടു പോയ വൻ സ്വത്താണ് ഈ വ്യാഖ്യാനങ്ങൾ. പരമ കാരുണിക്കോ ഭഗവാൻ ഈ ആചാര്യ ഉപദേശങ്ങൾ വഴിയേ അർത്ഥ വിശേഷങ്ങളെ നമുക്കു വ്യക്തമാക്കി. പൂർവാചാര്യ വ്യാഖ്യാനങ്ങൾ കാരണം ആഴ്വാർ പാട്ടുകളെ നാം മനസ്സിലാക്കുന്നു. ഇല്ലെങ്കിൽ അജ്ഞാനം കൊണ്ട് വീണേ കഴിയുമായിരുന്നു. എന്നു മണവാളമാമുനികൾ ഉപദേശരത്നമാലയിൽ പറയുന്നു. ഈപ്പാട്ടുകളുടെ അർത്ഥം മനസ്സിലാക്കിയല്ലേ ഇവകളെ നിത്യം ചൊല്ലണമെന്നു പൂർവർ ക്രമപ്പെടുത്തിയതു.

തൃപ്പാവ ലോകപ്രസിദ്ധമല്ലേ? മാർകഴി എന്ന ധനുർ മാസത്തില് രാവിലെ തന്നെ കൊച്ചു കുട്ടികളടക്കം തൃപ്പാവ ഘോഷ്ടിയായി പാരായണം ചെയ്യുന്നുണ്ടല്ലോ? ഇപ്പോഴും പ്രതി വെള്ളിയാഴ്ച്ച തിരുവല്ലിക്കേണി ക്ഷേത്രത്തിലെ തൃമങ്ങയാഴ്വാരുടെ ചെറിയ തിരുമടൽ ഘോഷ്ടി പാരായണം കാണുന്നില്ലേ? അഞ്ചു ആറു വയസ്സു പോലും തകൈയാത്ത കുട്ടികൾ പോലും മനസ്സു കൊണ്ട് എംബെരുമാന്റെ ഗുണങ്ങളെ ആഴ്വാർ പാട്ടുകളെ വാതുറന്നു പാടുന്നു. ഇതൊക്കെ നമ്മുടെ ഗുരു പരമ്പര മഹിമയിന് ദൃക്സാക്ഷികളാണു.

ഉപദേശ രത്ന മാലയില് മൂന്നാമത്തെ രത്നം

ആഴ്വാന്മാർ വാഴ്ന്നാലും! ദിവ്യ പ്രബന്ധങ്ങൾ വാഴ്ന്നാലും!
താഴ്വൊന്നുമില്ലാത്ത പൂറുവന്മാർ വാഴ്ന്നാലും! ലോകോന്നതയ്ക്കായവർ
വ്യാഖ്യാനങ്ങളും വേദങ്ങളുക്കൂടി വാഴ്ന്നാലും!

പൂറുവർകളെക്കുറിച്ചു കൂടുതൽ വിവരങ്ങൾക്കായി http://acharyas.koyil.org/

ദിവ്യ പ്രബന്ധവും ദിവ്യ ദേശങ്ങളും

ഗുരുപരമ്പരയെ പറഞ്ഞു ദൈവീക സാഹിത്യം ദിവ്യ ക്ഷേത്രങ്ങൾക്ക് കടക്കാം.

പരമപദത്തില് ശ്രീദേവി ഭൂദേവി നീളാദേവി നിത്യ സൂരികൾ സമേതം ശ്രീമന്നാരായണൻ

ഭഗവാന്റെ മന:ക്ലേശം

സ്വയം സ്വാഭാവികമായും തനിക്കുള്ള കാരുണ്യം കൊണ്ടു ചില ജീവരെ ശ്രീമന്നാരായണൻ ഭക്തി പരവശരാക്കി. മുക്തരുടെ അധിപതിയായി, നിയന്ത്രണമില്ലാത്ത സ്വതന്ത്രന്, സംസാരക്കടലിൽ ദു:ഖിച്ചു പരിതപിക്കുന്ന ജീവൻകളെ ഓർത്ത് മനഃക്ലേശത്തിലായിരുന്നു.

നില്ക്കു! നില്ക്കു! അവസാനമില്ലാത്ത നിത്യകല്യാണ ഗുണങ്ങൾ എല്ലാം നിറഞ്ഞവന് മനഃക്ലേശമോ? ഒരു മകന്റെ കൂടെ താമസിക്കുന്ന സർവശക്തനായ അച്ഛൻ വേറൊരു മകനെയും ഓർത്തു വിഷമിക്കുന്നത് പോലെയാണു. ഇതുവും ഒരു ശ്രഷ്ഠമായ കല്യാണഗുണമെന്നു പൂരുവർ പറഞ്ഞു. ശരി! എന്നിട്ടു?

അകലെയുള്ള ജീവന്മാരെ സംസാരത്തില്നിന്നും മോചിപ്പിച്ചു തന്നിടത്തില് അടുപ്പിക്കാൻ പലതരത്തിലും ശ്രമിച്ചു:

- ജനന സമയത്തു അവരുടെ ഉജ്ജീവനത്തിനായി ശരീരവും അവർക്കായി ചില കർമങ്ങളെയും കൊടുത്തു. അവര് അതെ ശരിക്കും മുതലെടുത്തില്ലാ.
- എന്നിട്ടു, ശാസ്ത്രങ്ങളെ ഉണ്ടാക്കി. ആരും അനുഷ്ഠിച്ചില്ലാ.
- തന്റെ വിശ്വരൂപത്തെകാണിച്ചു. അതും അവർക്ക് മനസ്സിലായില്ല.
- പിന്നീട് ശ്രീ രാമൻ, ശ്രീകൃഷ്ണൻ പോലേ പല പ്രാവശ്യം അവതരിച്ചു സ്വയം ശാസ്ത്രങ്ങളെ പഠിപ്പിച്ചു. കേൾക്കേണ്ടേ?
- അടുത്തതായി, തന്റെ മഹത്വത്തെയും രക്ഷണയെയും അവർക്ക് ബോധ്യമാക്കാൻ, മാനെക്കൊണ്ടു മാൻകിടാവെ പിടിക്കുന്നത് പോലെയും ആനയെകൊണ്ടു ആനയെ പിടിക്കുന്നത് പോലെയും ജീവർകളെ ഉന്നതയ്ക്കു എത്തിക്കാൻ ജീവർകളെ ഉപയോഗിച്ചു.

ആഴ്വാന്മാരുടെ അരുൾ

അങ്ങനെ കൈക്കൊള്ളപ്പെട്ടവരാണ് ആഴ്വാന്മാരും ആചാര്യന്മാരും. ഇവരുടെ അവതാരത്തെ ശ്രീവ്യാസ മഹർഷി തന്നെ ശ്രീമദ് ഭാഗവടത്തിലെ വ്യക്തമാക്കി എന്നതെ ഇവിടെ ഓർക്കുക.

പന്ത്രണ്ടു ആഴ്വാന്മാർ

- ആഴ്വാരകൾ ശ്രീമന്നാരായണന്റെ ദൈവീകവും മങ്ങളവുമായ ഗുണങ്ങളെ ചെന്തമിഴില് പാടി.
- ഏകദേശം നാലായിരത്തോളം പാട്ടുകൾ കൂട്ടിച്ചേർത്തതാ നാലായിര ദിവ്യ പ്രബന്ധം.
- ദിവ്യം എന്നാൽ ദൈവീകം. പ്രബന്ധം എന്നാൽ സാഹിത്യക്കെട്ടു. പാടിയവര് ദിവ്യജ്ഞാനികളായ ആഴ്വാന്മാർ. എംബെരുമാന്റെ 108 ദിവ്യ ക്ഷേത്രങ്ങളെ പാടുന്നു.
- ശ്രീരംഗം, തിരുമല, കാഞ്ചീപുരം, തിരുവല്ലിക്കേണി, ആഴ്വാർ തിരുനഗറി മുതലായ 108 ക്ഷേത്രങ്ങൾക്കു ദിവ്യ ദേശം എന്നാണ്.
- ശ്രീമന്നാരായണന്റെ അഞ്ചു നിലകളെയും ഈ പാസുരങ്ങൾ കീർത്തിക്കുന്നു:

  - പരമപദതത്തിലുള്ള പരത്വം,
  - പാൽ കടലിലുള്ള വ്യൂഹം,
  - ശ്രീരാമകൃഷ്ണ അവതാരങ്ങളിലുള്ള വിഭവം,
  - ഓരോ ജീവനുള്ളിലുമുള്ള അന്തരാത്മാ,
  - ദിവ്യ ക്ഷേത്രങ്ങൾ എവിടേയും പ്രതിഷ്ഠയായി ഏവരും വന്ദിക്കുന്ന അർച്ചാ തിരുമേനി എന്നത്രെ.
- ദിവ്യ ക്ഷേത്ര വിശേഷണം മാത്രവേ ആഴ്വാന്മാർക്കു അമൃതമായും, ആചാര്യന്മാർക്കു സ്വയം ജീവനായുമിരുന്നു.
- വേദത്തെയും, വേദാന്തത്തെയും ഏവർക്കുമായി ലഘുവായി പാടുന്നു ദിവ്യ പ്രബന്ധങ്ങൾ.
- ശ്രീമന്നാഥമുനികൾ തുടങ്ങി ശ്രീമണവാളമാമുനികൾ വരെ നമ്മുടെ ഗുരുക്കൾ എല്ലോരും ഈ പാസുരങ്ങളെ നന്നായി വായിച്ചു.
- ശ്രീമന്നാരായണന് സമാനരോ, സമർത്തരോ ഇല്ലെന്നും അവൻ തന്നെയാണു രക്ഷകൻ എന്നും തെളിയിക്കാൻ, നാലായിരത്തെയൊഴിച്ച് വേറൊന്നുമില്ലെന്നു ഉറപ്പിച്ചു.
- നമ്മൾ എളുപ്പം മനസ്സിലാക്കാനായി ഉപന്യാസം, വ്യാഖ്യാനം എന്നു പല വിദങ്ങളിൽ പ്രചാരണം ചെയ്തു.
- സ്വന്തം ജീവിതത്തെയും വിദ്യാഭ്യാസത്തെയും, ചിന്തയെയും സമ്പൂർണമായി ഈപ്രചാരത്തിനായി അർപ്പിച്ചു.

ശ്രീ മധുരകവിയാഴ്വാർ ശ്രീ നാഥമുനികൾ സമേതം ശ്രീ നമ്മാഴ്വാർ

ആചാര്യമാന്മാരുടെ ശ്രീസൂക്തികൾ

- ആഴ്വാന്മാർകളുടെ കാലം കഴിഞ്ഞു ശ്രീ നാഥമുനികൾ ദൈവ സങ്കല്പമായി അവതരിക്കുന്ന കാലം വരെ നാലായിരത്തോളം പാസുരങ്ങളും പ്രസിദ്ധമില്ലാത്തെ പോയി.
- ശ്രീ നാഥമുനികളാണ്, ഒരുപാട് ശ്രമിച്ചു,
    - ആഴ്വാർ തിരുനഗരി ക്ഷേത്രത്തിൽ പോയി,
    - അവിടെ മധുരകവിയാഴ്വാരെ ദ്ധ്യാനിച്ചു അവരുടെ അനുഗ്രഹം നേടി,
    - സാക്ഷാൽ നമ്മാഴ്വാരെയും ദർശിച്ചു.
- നാലായിരത്തോളം പാസുരങ്ങളെയും, അവയുടെ സാരം, പൊരുൾ, താൽപ്പര്യം എന്നിവയോടെ ഫലമായി ഏറ്റ് വാങ്ങി.
- കൂടാത്തെ, ഈ പാസുരങ്ങളെ ക്രമമായി പിരിച്ചു, ചന്തം ചിന്തും പാട്ടായി ശിഷ്യന്മാർക്കു പഠിപ്പിച്ചു ലോകപ്രസിദ്ധമാക്കി.
- ശ്രീവൈഷ്ണവരുടെ നിത്യ കർമങ്ങളിലും ഒന്നായി കൂട്ടിച്ചേർത്തു.

- ശ്രീ മധുരകവിയാഴ്വാർക്കു നന്ദിപരമായി, അവര് അരുളിയ "കണ്ണിനുണ്ചിറുത്താമ്പു" എന്നു തുടങ്ങും നമ്മാഴ്വാർ സ്തുതിയെ നാലായിര ദിവ്യ പ്രബന്ധത്തിലും ഉൾപ്പെടുത്തി.

ശ്രീ രാമാനുജർ

- ഈ പദ്ധതി പൂർവാചാര്യന്മാർ, അതിലും പ്രത്യേകിച്ചും ശ്രീ ആളവന്താർ, തൃമനസ്സു പോലെ, ഗുരു പരമ്പരയില് ആദിശേഷാംശമായി അവതരിച്ച രാമാനുജർക്ക് പൊന്നുപോലെ വന്നു ചേർന്നു.
- ജന സമൂഹം മുഴുവനും ഈ സദാചാരങ്ങളെ അനുഭവിക്കണമെന്ന ഒറ്റ നോക്കു കൊണ്ടു, ഇഷ്ടം ഉള്ളവർക്ക് ഒക്കെ പറഞ്ഞു പഠിപ്പിക്കാൻ ശ്രീ രാമാനുജർ നിർദ്ദേശിച്ചു.
- എംബെരുമാനാർ ദരിശനമെന്നു ഇതിന് ശ്രീനംപെരുമാൾ തന്നെ പേര് വയ്ച്ചു.
- ഈ അതിശ്രഷ്ഠമായ സാധന കാരണം, തിരുവാരംഗത്ത് അമുതനാർ ശ്രീ രാമാനുജരെ കീർത്തിച്ചു രചിച്ച രാമാനുജ നൂറ്റന്താദിയെ, പ്രപന്നരുടെ ഗായത്രിയെന്നു കരുതി, നാലായിര ദിവ്യ പ്രബന്ധത്തില് കൂട്ടിച്ചേർത്തു.

- രാമാനുജ നൂറ്റന്താദി ഘോഷ്ടിയായി പാരായണം ചെയ്യുന്നതെ കേട്ട ആർക്കും കൂടേ പാടാൻ തോന്നിയിലെങ്കിലെ അതിശയം.

ശ്രീ നമ്പിള്ള കാലക്ഷേപ ഘോഷ്ടി

- എംബെരുമാനാരേ തുടർന്നു എംബാർ, ഭട്ടർ, നംജീയർ വഴിയായി നംപിള്ള എന്ന മഹാചാര്യൻ അവതരിച്ചു.
- ജീവിതം മുഴുവനും ശ്രീരംഗവാസിയായിരുന്നു ശ്രീവൈഷ്ണവ സമ്പ്രദായത്തെ പോഷിച്ചു.
- ഇവരുടെ വ്യാഖ്യാന നയവും, ആതിലുണ്ടായിരുന്ന അർത്ഥ പുഷ്ടിയും, രസവും കാരണം നാലായിര ദിവ്യ പ്രബന്ധങ്ങൾക്കും, അവയുടെ വ്യാഖ്യാനങ്ങൾക്കും, പ്രാമുഖ്യം ഉണ്ടായി.
- ഇദ്ദേഹത്തുടെ ശിഷ്യന്മാർശ്രീവൈഷ്ണവ സാഹിത്യത്തിനെ ഒരുപാട് സേവനങ്ങൾ ചെയ്തു:
    - ശ്രീ പെരിയവാച്ചാൻ പിള്ള നാലായിരത്തോളം പാസുരങ്ങൾക്കും വ്യാഖ്യാനം എഴുതി.
    - പരോപകാരതത്പരൻ ശ്രീ വടക്കുത്തിരുവീതിപ്പിള്ള ശ്രീ നംപിള്ളയുടെ ഉപന്യാസങ്ങളെയൊക്കെ പനയോലപ്പെടുത്തി, ഇന്നും നമ്മേവരും ഈട് മുപ്പത്താറായിരം എന്നു വായിച്ചു അറിയാൻ കൊടുത്തു.



പിള്ള ലോകാചാര്യർ കാലക്ഷേപ ഘോഷ്ടി

- വടക്കുത്തിരുവീതിപ്പിള്ളയുടെ മൂത്ത മകനാണ് ശ്രീ നമ്പിള്ളയെ അടുത്തു വന്ന ശ്രീ പിള്ളലോകാചാര്യർ.
- ഇവരും ഇളയ മകൻ അഴകിയ മണവാളപ്പെരുമാൾ നായനാരും, ശ്രീ നംപിള്ളയുടെ എല്ലാ ഉപദേശങ്ങളെയും തങ്ങളുടെ സ്കന്ധങ്ങളില് ശ്രീവൈഷ്ണവ സമ്പ്രദായത്തെ സംശയാസ്പദമായി തെളിയിച്ചു തഴപ്പിച്ചു.
- ശ്രീ പിള്ളലോകാചാര്യർ പതിനെട്ടു ഗ്രന്ഥങ്ങളെയെഴുതി. വേദം വേദാന്തം നാലായിരം എല്ലാത്തിനും ഉൾപ്പെട്ട അഞ്ചു മുഖ്യ തത്വങ്ങളെയും മൂന്നു അത്യാവശ്യ രഹസ്യങ്ങളേയും പരസ്യമായും വിശതമായും ഈ പതിനെട്ടു രഹസ്യ ഗ്രന്ഥങ്ങളിൽ കാണാം.

മാമുനികൾ കാലക്ഷേപ ഘോഷ്ടി - സ്വയം ശ്രീരംഗനാഥൻ ഉണ്ണികണ്ണനായി "ശ്രീശൈലേശ ദയാപാത്രം..." ചൊല്ലി ആചാര്യനെ നമിക്കുന്നു

- ഇങ്ങിനെ തുടർന്ന ഓരാണ്വഴി പരംപരയില് അവസാനമായി ശ്രീരാമാനുജരർ തന്നേ ശ്രീ മണവാള മാമുനികൾായി അവതരിച്ചു:
    - തന്റെ അച്ഛനിടവും ആചാര്യനായ തിരുവായ്മൊഴിപ്പിള്ളയിടവും വേദം വേദാന്തം ദിവ്യ പ്രബന്ധങ്ങൾ രഹസ്യാർത്ഥങ്ങൾ എല്ലാം പഠിച്ചു.
    - ആചാര്യ നിയമനം പോലേ ശ്രീരംഗവാസിയായി സമ്പ്രദായ സമ്രക്ഷണയിലായി.
    - ഓലച്ചുവടികളേ വായിച്ചു, പിൻവരുന്നവർക്കായി പനയോലയിലുമാക്കി.
    - ഇതിനിടക്കു ദിംയ ക്ഷേത്ര ദർശനവും സന്നിധി കൈന്കർയ കര്മങ്ങളെ ക്രമീകരിക്കുമായിരുന്നു.
- ശ്രീരംഗത്ത് തുടർച്ചയായി ഒരു കൊല്ലം തിരുവായ്മൊഴി പ്രഭാഷണം ചെയ്തു.
    - ഇതേ കേട്ട സ്വയം ശ്രീരംഗനാഥൻ മാമുനികളെ ആചാര്യനായി പ്രാപിച്ചു "ശ്രീശൈലേശ ദയാപാത്രം…" എന്ന തനിയനും സമർപ്പിച്ചു.
    - കൂടാത്തേ "ശ്രീശൈലേശ ദയാപാത്രം…" ചൊല്ലിത്തന്നേ ദിംയപ്രഭന്ധ പാരായണം തുടങ്ങണമെന്നും എല്ലാ ക്ഷേത്രങ്ങൾക്കും ശ്രീരംഗനാഥൻ തന്നേ നിർദേശിച്ചു.
    - ഇങ്ങനെയൊരു പ്രത്യേക ഗൗരവം മാമുനികൾക്കു മാത്രമേയുള്ളു.

- ഇതിന് പിന്നെ വന്ന ആചാര്യന്മാരും ദിംയ പ്രഭന്ധങ്ങളേ പഠിച്ചു അതിൽ പറഞ്ഞാപ്പോൽ ഇതാ ഇന്നു വരെ ജീവിക്കുന്നു.
- ചേതനർ ഉജ്ജീവനമാണു എംബെരുമാന് ഇഷ്ടം.
- ആ ഉജ്ജീവനത്തിന് ഏൽപ്പെട്ട ദിംയ പ്രഭന്ധത്തെ നമ്മുടേ പൂരുവർ പലവിദമായും രക്ഷിച്ചു.
- ഇങ്ങനേ ഒരു കാരണവുമില്ലാത്ത എംബെരുമാന്ടെ സ്വാഭാവിക കരുണയാൽ കിട്ടിയ ദിംയ പ്രഭന്ധങ്ങളെ നമ്മൾ -
    - പഠിച്ചു,
    - അവയുടെ അർത്ഥങ്ങളെ അധ്യാപകമുഖേന ഗ്രഹിച്ചു,
    - ജീവിത ശൈലിയും അതെപ്പോലേ മാറ്റണം.
- ആഴ്വാർകളേയും അവരുടെ ദിംയ പ്രഭന്ധങ്ങൾടെ മഹത്വമും പ്രാമാണികത്വമും അറിയാൻ താഴേപ്പറഞ്ഞ ലേഖനങ്ങളെ വായിക്കുക:
    - ഭാഗം 1 – http://ponnadi.blogspot.in/2013/02/dhivya-prabhandha-pramanya-samarthanam-1.html
    - ഭാഗം 2 – http://ponnadi.blogspot.com/2013/02/dhivya-prabhandha-pramanya-samarthanam-2.html

ദിംയ പ്രഭന്ധങ്ങളുടെ താങ്ങൾ തങ്ങളുടെ ഭാഷയില്ത്തന്നേ അറിയാൻ ഇവിടേ നോക്കുക - http://divyaprabandham.koyil.org.

രഹസ്യത്രയം

പഞ്ച സംസ്കാര സമയത്ത് ആചാര്യൻ ശിഷ്യന് ഉപദേശിക്കുന്ന - തൃമന്ത്രം, ദ്വയം, ചരമശ്ലോകം - എന്ന മൂന്നു മന്ത്രങ്ങളാണു രഹസ്യത്രയം എന്നറിയപ്പെടുന്നു.

തൃമന്ത്രം = അഷ്ടാക്ഷരം = എട്ടെഴുത്തു മന്ത്രം

ഓം നമോ നാരായണായ

എംബെരുമാൻ നാരായണൻ നരൻ എന്ന രണ്ടു ഋഷികളായി അവതരിച്ചു. നാരായണ ഋഷി തൃമന്ത്രത്തെ നര ഋഷിക്കു ഉപദേശിച്ചു. ജീവാത്മാവ് എംബെരുമാന്റെ സ്വത്താണു. ജീവാത്മാവ് സദാ എംബെരുമാന്റെ സന്തോഷിപ്പിക്കാൻ മാത്രം കരുതിയിരിക്കണം. എല്ലാവർക്കും തലവനായ നാരായണന് മാത്രം സേവനംചെയ്തു കഴിയുകയെന്നത്രെ.

ദ്വയം = രണ്ടടി മന്ത്രം

ശ്രീമന്നാരായന ചരണൗ ശരണം പ്രപദ്യേ|
ശ്രീമതേ നാരായണായ നമ:||

- വിഷ്ണു ലോകത്തില് ശ്രീമന്നാരായണൻ ശ്രീമഹാലക്ഷ്മിയിന് ഉപദേശിച്ചതാണു ഈ മന്ത്രം.
- ലഘുവായിപ്പറഞ്ഞാൽ, ശ്രീമഹാലക്ഷ്മീപതിയായ ശ്രീമന്നാരായണാ ശരണം; ആ ദിവ്യ ദമ്പതികൾക്ക് മാത്രം അർപ്പണ ബോധത്തോടെ സേവനം ചെയ്തു കഴിയുമെന്നത്രെ.

ചരമ ശ്ലോകം

ഭഗവദ്ഗീത മോക്ഷസംന്യാസയോഗമെന്ന പതിനെട്ടാമത്തെ അദ്ധ്യായം ശ്ലോകം അറുപത്തിയാറു.

സർവധർമാൻ പരിത്യജ്യ മാമേകം ശരണം വ്രജ|
അഹം ത്വാ സർവപാപേഭ്യോ മോക്ഷയിഷ്യാമി മാ ശുചഃ||

സർവ്വധർമ്മങ്ങളെയും പരിത്യജിച്ച് എന്നെമാത്രം ശരണം പ്രാപിച്ചാലും. ഞാൻ നിന്നെ സകലപാപങ്ങളിൽ നിന്നും മോചിപ്പിക്കാം. നീ ദുഃഖിക്കരുത് എന്ന് അർജ്ജുനന് ശ്രീകൃഷ്ണ പരമാത്മാവ് മഹാഭാരത യുദ്ധ ഭൂമിയില് ഉപദേശിച്ചു.

ഈ മൂന്നു രഹസ്യങ്ങൾക്കിടയില് രണ്ടു വിധ സംഭന്ധം

മുമുക്ഷുപ്പറ്റി എന്ന ഗ്രന്ഥത്തില് രഹസ്യത്രയം വ്യാഖ്യാനിച്ചു തുടങ്ങുമ്പോൾ മാമുനികൾ ഈ മൂന്നു മന്ത്രങ്ങൾകിടയിലുള്ള രണ്ടു സംബന്ധങ്ങളെ വിസ്തരിക്കുന്നു:

- **വിധിയും അനുഷ്ടാനവും**
    - ജീവാത്മാവിനും പരമാത്മാവിനുമായ ബന്ധത്തെ പറയുന്നു തൃമന്ത്രം.

    - എംബെരുമാനെ പ്രാപിക്കുകവെന്നു ചരമ ശ്ലോകം ജീവാത്മാവേ നിർദേശിക്കുന്നു.
    - പ്രാപിച്ചപിന്നെ സദാ ദ്വയം ജെപിച്ചു കഴിയുക എന്നത്രെ.
- **വിവരണവും വിവരണിയും**
    - പ്രണവ മന്ത്രത്തെ തൃമന്ത്രം വ്യാഖ്യാനിക്കിന്നു.
    - തൃമന്ത്രത്തെ ദ്വയം വ്യാഖ്യാനിക്കിന്നു.
    - ചരമ ശ്ലോകം പിന്നും വിസ്തരിച്ചു പറയുന്നു.

പൂറുവർ പ്രിയപ്പെട്ട ദ്വയം

ആചാര്യന്മാർ കൂടുതൽ അഭിമാനിച്ചതും, സദാ ഓർത്തിരിന്നതും ദ്വയമാണു.

- മന്ത്ര രത്നമെന്നത്രെ.
- ശ്രീമഹാലക്ഷ്മീ പിരാട്ടി ശരണാഗതർക്കായി എംബെരുമാനിടത്തു ശുപാർസ(പുരുഷകാരം) ചെയ്യുന്നുവെന്നു സ്പഷ്ടമായിപ്പറയുന്നു.
- ദിവ്യ ദമ്പതികളെ ഒന്നിച്ച് സേവനം ചെയ്യാൻ പ്രാർത്തിക്കുന്നു.

വര വര നുനി ദിനചര്യ എന്ന ഗ്രന്ഥത്തിൽ എറുമ്പിയപ്പാ എന്നു പ്രശസ്തമായ ദേവരാജ ഗുരു പറയുന്നു:
മന്ത്രരത്ന അനുസന്ധാന സന്തത സ്പുരിതാധരം|
തദർത്ഥതത്വ നിത്യാൻ സന്നദ്ധ പുലകോതഗമം||
ചുരുക്കിപ്പറഞ്ഞാൽ - വര വര മുനി എന്നറിയപ്പെടുന്ന മണവാളമാമുനികൾ ദിവശവും ജീവിച്ചിരുന്ന രീതിയെ പറഞ്ഞു വരുമ്പോൾ അവർടെ ചുണ്ടുകളെപ്പോഴും ദ്വയ മന്ത്രത്തെ ജെപിക്കുകയായിരുന്നു. അവർടെ മനസ്സോ ദ്വയത്തുടെ സാരമായ തൃവായ്മൊഴിയെ സദാ ഓർത്തിരുന്നു. എന്നിട്ടു തൃമേനിയില് രോമാഞ്ചവും കണ്ണുകളിൽ ബാഷ്പവുമായിരുന്നു.
അത്യാവശ്യമായി ഒരു കാര്യം. ദ്വയമന്ത്രം ചൊല്ലുന്നതിന് മുൻപ് വാഖ്യ ഗുരുപരമ്പരയെ ചൊല്ലണം.
അസമദ്ഗുരുഭ്യോ നമ: അസ്മദ്പരമഗുരുഭ്യോ നമ: അസമദ്സർവഗുരുഭ്യോ
നമഃ ശ്രീമതേ രാമാനുജായ നമഃ ശ്രീപരാങ്കുശദാസായ നമഃ
ശ്രീമദ്യാമുനമുനയേ നമഃ ശ്രീരാമമിശ്രായ നമഃ ശ്രീപുണ്ഡരീകാക്ഷായ നമ:
ശ്രീമന്നാഥമുനയേ നമഃ ശ്രീമതേ ശഠകോപായ നമഃ ശ്രീമതേ വിഷ്വക്സേനായ
നമഃ ശ്രിയൈ നമഃ ശ്രീധരായ നമഃ|
പൂർവാചാര്യന്മാർക്കു ദ്വയ മന്ത്രത്തിലുണ്ടായിരുന്ന അതീത താത്പര്യം കീഴെപ്പറഞ്ഞ അവരെഴുതിയ ചില പ്രധാന ഗ്രന്ഥങ്ങളിൽ കാണാം:

- ഭട്ടർ - അഷ്ടശ്ലോകി
- പെരിയവാച്ചാൻ പിള്ള - പരന്ന രഹസ്യം
- പിള്ള ലോകാചാര്യർ - ശ്രിയപ്പതിപ്പടി, യാദൃച്ഛികപ്പടി, പരന്നപടി, മുമുക്ഷുപ്പടി

- അഴകിയ മണവാളപ്പെരുമാൾ നായനാർ - അരുളിച്ചെയൽ രഹസ്യം
- മണവാളമാമുനികൾ - മുമുക്ഷുപ്പടി തുടങ്ങിയ രഹസ്യ ഗ്രന്ഥ വ്യാഖ്യാനങ്ങൾ

ശ്രീവൈഷ്ണവന്മാർക്കു ആഹാരമായ തത്ത്വത്രയവും അർത്ഥപഞ്ചകവും മാത്രമേ രഹസ്യത്രയ വ്യാഖ്യാനം എന്നത്രെ.

തത്വത്രയം

ചിത്ത് അചിത്ത് ഈശ്വരൻ എന്നു തത്വങ്ങളേ മൂന്നു വിധമായി ഇനം തിരിക്കാം.

ചിത്ത്

- പരമപദമായ നിത്യ വിഭൂതിയിലും സംസാര സാഗരമായ ലീലാ വിഭൂതിയിലുമുള്ള കണക്കില്ലാത്ത ജീവാത്മാക്കളാണു ചിത്ത് എന്നു അറിയപ്പെടുക.
- ജ്ഞാന സ്വരൂപങ്ങളും ജ്ഞാനമുള്ളവകളും ചിത്താണു.
- ജ്ഞാനമാണ് ആനന്ദം. അതുകൊണ്ട് ദിവ്യ ജ്ഞാനമുള്ള ചിത്ത് ആനന്ദമയമാകുന്നു.
- ചിത്തുക്കളെ മൂന്നു വിധമായി ക്രമപ്പെടുത്താം:

- ഒരിക്കിലും സംസാര ബന്ധങ്ങളിൽപ്പെടാത്ത നിത്യസൂരികൾ
- സംസാര ബന്ധത്തിൽനിന്നും മോചിതരായ മുക്തൻമാർ
- ഇപ്പോഴും സംസാര സാഗരത്തിൽ മുങ്ങി ദു:ഖിച്ചിരിക്കും ബദ്ധന്മാർ. ബദ്ധരിൽ രണ്ടു തരമാളുകളുണ്ടു:
    - സംസാര ബന്ധം ഒഴിഞ്ഞുപോകാൻ ആഗ്രഹിക്കുന്ന മുമുക്ഷുക്കൽ
    - സംസാര സുഖ ദു:ഖങ്ങളിൽ മുങ്ങിക്കഴിയുന്ന ബുഭുക്ഷുക്കൽ
- രണ്ടു വിധം മുമുക്ഷുക്കളുണ്ടു:
    - തന്റെ സ്വന്തം സുഖം പ്രാർത്ഥിക്കിന്ന കൈവല്യാർത്ഥികൾ
    - വേറൊന്നും വേണ്ടെന്നു ഭഗവദ് കൈങ്കര്യം മാത്രം ഫലം എന്നു കരുതിയിരിക്കുന്ന കൈങ്കര്യാർത്ഥികൾ

- കൂടുതൽ വിശദമായി അറിയാൻ ഇവിടേ പോയാലും: http://ponnadi.blogspot.com/2013/03/thathva-thrayam-chith-who-am-i5631.html

അചിത്ത്

- ○ അറിവില്ലാത്ത എല്ലാ വസ്തുക്കളും നമ്മുടെ ഇന്ദ്രിയങ്ങളാല് അറിയപ്പെടുന്നവയും അചിത്താണ്.
- ○ നിത്യ ലീലാ വിഭൂതികൾ രണ്ടിലും അചിത്തുണ്ട്.
- ○ പ്രപഞ്ചത്തിൽ അറിയപ്പെടുന്നവയായും ആത്മീക മേഖലയിൽ അറിയാൻ സഹായമായുമുള്ളതാണ് അച്ചിത്തു.
- ○ അചിത്തുക്കളെ മൂന്നു വിധമാക്കാം:
    - ■ പരമപദത്തിൽ മാത്രമുള്ള ദോഷമറ്റ നന്മ, രജോ തമോ ഗുണങ്ങൾ ഒട്ടും ചേരാത്ത - ശുദ്ധ സത്വം. സംസാരത്തിലും ചിലപ്പോൾ കാണാം. ഉദാഹരണമായി ക്ഷേത്രങ്ങളിലുള്ള എംബെരുമാന്റെ ആർച്ചാ തിരുമേനി ശുദ്ധ സത്വമാണ്.
    - ■ ഈ പ്രപഞ്ചത്തിലുള്ളതു:
        - ■ നന്മയും തിന്മയും കളർന്നതു, രജോ തമോ ഗുണങ്ങൾ കലർന്ന സത്വ ഗുണം - മിശ്ര സത്വം
        - ■ നന്മ തിന്മകൾക്കു അപ്പുരമായ, സത്വ രജോ തമോ ഗുണങ്ങൾ ഒന്നുമില്ലാത്ത കാലം - സത്വ ശൂന്യം

- കൂടുതൽ വിശദമായി ഇവിടേ കാണാം http://ponnadi.blogspot.com/2013/03/thathva-thrayam-achith-what-is-matter.html

ഈശ്വരൻ

   - ശ്രീമന്നാരായണൻ
   - മഹാലക്ഷ്മീ സമേതനായ അവനേ പരബ്രഹ്മം
   - ഭഗവാൻ എന്ന വിളിയിന് ജ്ഞാനം, ബലം, ഐശ്വര്യം, വീര്യം, ശക്തി, തേജസ്സു എന്ന ആറു ദിവ്യ കല്യാണ ഗുണങ്ങൾ നിറഞ്ഞവൻ എന്നർത്ഥം
   - ഈശ്വരന് കണക്കില്ലാത്ത കല്യാണ ഗുണങ്ങളുണ്ട്.
   - ഈശ്വരന് താഴ്ന്ന ഗുണങ്ങൾ ഒന്നുമില്ലാ.
   - സർവ ചിത്തച്ചിത്തുക്കൾക്കും അവൻതന്നെയാണ് ആധാരം. അവയുടെ ജീവനേയും അവകളേയും അവൻതന്നെ താങ്ങിയുയർത്ഥിപ്പിടിക്കുന്നു.
- ഈശ്വര തത്വത്തെക്കുറിച്ച് കൂടുതൽ അറിയാൻ ഇവിടെ നോക്കാം http://ponnadi.blogspot.com/2013/03/thathva-thrayam-iswara-who-is-god.html

ഈ മൂന്നു തത്വങ്ങൾക്കും പൊതുവായത്:

   - ഈശ്വരന് ചിത്തിന് ജ്ഞാനമുണ്ടു.
   - ചിത്തചിത്തുക്കൽ രണ്ടും ഈശ്വരന്റെ സ്വന്തം വസ്തുക്കളാണ്.
   - ഈശ്വരന് അച്ചിത്തിന് ചിത്തെ സ്വാധീനിക്കാൻ കഴിയും. അതായതു ചിത്തെന്ന ജീവാത്മാവ് :

- ഐഹിക സുഖങ്ങളിൽ പെട്ടു പോയാൽ അതിനായ സ്വഭാവമേൽക്കുന്നു.
- ഭഗവദ്വിഷയത്തില് സ്ഥിരമായാല് ഭാഗവതനായി, ദോഷങ്ങൾ നീങ്ങി, സംസാര ഭന്ധം തകർത്തു മുക്തനാകുന്നു.

ഈ മൂന്നു തത്വങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ:

- എല്ലാത്തിനും ഏറ്റ്വും ഉയർന്നവനായ ഈശ്വരൻ എല്ലാത്തിനുള്ളിലും, എവിടത്തേയും, എപ്പോഴും, എല്ലാ വിധത്തിലും തിളങ്ങുന്നു.
- സദാ ഈശ്വര സേവനം ചെയ്യണമെന്ന ബോധമാണ് ചിത്തിന് ശ്രേഷ്ഠം.
- യാതൊരു ഭോദവുമില്ലാത്തെ, എപ്പോഴും മറ്റൊരുവരുടെ അനുഭവത്തിന്റെ ഉപഹാരമായിരിക്കുന്നതാ അചിത്തുടെ പ്രത്യേകത.

അമൂല്യമായ ഈത്തത്വങ്ങളെ തത്വത്രയ ഗ്രന്ഥത്തില് ശ്രീ പിള്ള ലോകചര്യർ വിശദീകരിച്ചു. ഇനിയും ഇവിടേ പഠിക്കാം
http://ponnadi.blogspot.com/2013/10/aippasi-anubhavam-pillai-lokacharyar-tattva-trayam.html

അർത്ഥ പഞ്ചകം

ജീവർകൾ ഏവരും എത്തിച്ചെറേണ്ട ലക്ഷ്യം ഭഗവാൻ. മേലുള്ള ചിത്രം ഭഗവാന്റെ ആറു വിധ സ്ഥിതികളെ കാണിക്കുന്നു. പരമപദ നാഥനായ പരത്വം. പാൽ കടലില് ആദിശേഷനിലായ വ്യൂഹം. ശ്രീപരശുരാമ ശ്രീരാമ ശ്രീകൃഷ്ണാദി അവതാരങ്ങളായ വിഭവം. എല്ലാ ജീവാത്മാക്കളുടെ ഹൃദയകമലധളത്തിൽ വസിക്കുന്ന അന്തര്യാമി. ക്ഷേത്രങ്ങൾ, മഠങ്ങൾ, നമ്മുടെ വീടുകൾ എവിടെയും നമ്മള് ചാർത്തിയും വയ്ച്ചും എഴുന്നരുളിപ്പിച്ചിട്ടുള്ള അർച്ചാ തിരുമേനി. പരത്വം തുടങ്ങിയ അഞ്ചു നിലകളിലും വ്യാപിച്ചുള്ള പരമാത്മാവേ പറ്റിപ്പറഞ്ഞു അവരുടെ തൃപ്പാദങ്ങളെ ശരണങ്ങമിക്കാൻ പഠിപ്പിക്കും വിത്തകനായ ഗുരുവിലും ഭഗവാനുണ്ട്.

തിരുവായ്മൊഴിത്തനിയൻ

തിരുവായ്മൊഴിയിന് തുടക്കമായി ശ്രീ പരാശര ഭട്ടർ എഴുതിയ തനിപ്പാട്ടു അർത്ഥ പഞ്ചക സാരമാണു:

തനിയൻ - തമിഴിൽ

മിക്ക വിറൈനിലൈയും മെയ്യാ മുയിർനിലൈയും
തക്ക നെറിയും തടൈയാകിത് - തൊക്കിയലും
ഊഴ്വിനൈയും വാഴ്വിനൈയു മോതുങ് കുരുകൈയർകോൻ
യാഴിനിസൈ വേദത്തിയൽ.

അർത്ഥം:

തിരുക്കുരുകൂർ നാട്ടുകാർക്ക് നാഥനായ നമ്മാഴ്വാരുടെ വീണ നാദമായ തിരുവായ്മൊഴി പ്രബന്ധം:

- പരംപൊരുളായ ശ്രീമനാരായണന്റെ സ്വരൂപത്തേക്കുറിച്ചും,
- നിത്യനായ ജീവാത്മാവുടെ സ്വരൂപത്തേക്കുറിച്ചും,
- ജീവാത്മാവ് പരമാത്മാവേ എത്തിച്ചേരാൻ പറ്റിയ വഴി ഏതാന്നുവെന്നും,
- പരമാത്മാവേ അടുക്കാൻ തടസ്സമായി കൂട്ടിച്ചേർത്തിട്ടുള്ള കർമ്മ പാപങ്ങളായ വിരോധികളുടെ സ്വഭാവത്തെയും,
- വാഴ്ച ലക്ഷ്യങ്ങളായ പുരുഷാർത്ഥങ്ങൾ ഏതാണുവെന്നും ഓതുന്നു.

വളരെ ചുരുക്കത്തില് ധർമ്മ അർത്ഥ കാമ മോക്ഷ കൈങ്കര്യം എന്ന അഞ്ചു പുരുഷാർത്ഥഞങ്ങളാണു അർത്ഥ പഞ്ചകം.

അർത്ഥപഞ്ചക രഹസ്യഗ്രന്ഥച്ചുരുക്കം

ആചാര്യമുഖേന ഉപദേശം ഏറ്റ് വാങ്ങേണ്ടേ ഈ തത്വത്തിന് **ശ്രീപിള്ള ലോകാചാര്യർ ഒരു രഹസ്യ ഗ്രന്ഥം എഴുതിയിട്ടുണ്ട്**. അതിന്റെ ചുരുക്കം:

- **അഞ്ചു വിധം ജീവാത്മാക്കൽ**:
  1. നിരന്തര വൈങ്കുണ്ഠവാസികളായ നിത്യസൂരികൾ
  2. സംസാര മോചനത്തിന് ശേഷം വൈകുണ്ഠമെത്തിയ മുക്തന്മാർ
  3. സംസാരത്തിൽപ്പെട്ടു പോയി അവിടത്തന്നെ വളയം വയ്ക്കും ബദ്ധാത്മാക്കൽ
  4. സംസാര മോചിതരായിക്കിട്ടണമെന്ന ബോധമുണ്ടായിട്ടും, ഭഗവത്കൈങ്കര്യം പ്രാർത്ഥിച്ചു ഏൽക്കാതെ, കേവലം മോക്ഷം നേടിയ കൈവല്യാർത്തികൾ
  5. ഭഗവത്കൈങ്കര്യമെന്ന മഹാഭാഗ്യത്തിനായി ഭാഗവദരായി സംസാരത്തെ കഴിച്ചുകൂട്ടുന്ന കൈങ്കര്യാർത്തികളായ മുമുക്ഷുക്കൽ
- **പരമന്റെ അഞ്ചു സ്ഥിതികൾ:**
  1. പരത്വം - പരമ പദത്തിലുള്ള പരമ ഉന്നത സ്വരൂപം.
  2. വ്യൂഹം - തിരുപ്പാൽകടലിലുള്ള പ്രദ്ധയുംന സങ്കർഷണ സ്വരൂപങ്ങൾ.
  3. വിഭവം - ശ്രീപരശുരാമ ശ്രീരാമ ശ്രീകൃഷ്ണാദി ഒരുപാട് അവതാരങ്ങൾ.
  4. അന്തര്യാമിത്വം - ഓരോ ജീവാത്മാവിനുള്ളും വ്യാപിച്ചിരിക്കുന്ന ഹൃദയകമലധളവാസൻ.
  5. അർച്ചാ തിരുമേനി - ക്ഷേത്രങ്ങൾ, മഠങ്ങൾ, നമ്മുടെ വീടുകൾ എവിടെയും നമ്മള് ചാർത്തിയും വയ്ച്ചും എഴുന്നരുളിപ്പിച്ചിട്ടുള്ള അർച്ചാ തിരുമേനി.
- **പുരുഷൻ എന്ന പരമാത്മാവിന് ഇഷ്ടമായ വാഴ്ച ലക്ഷ്യങ്ങളായ അഞ്ചു പുരുഷാർത്ഥങ്ങൾ:**

1. ധർമ്മം - എല്ലാ ജീവൻകൾക്കും ഹിതമായതേ ചെയ്യുക.
2. അർത്ഥം - ശാസ്ത്രം അനുസരിച്ച് സമ്പാദിക്കുക. ശാസ്ത്രോക്തമായി ചെലവഴിക്കുക.
3. കാമം - ലോകത്ത് സുഖങ്ങളെ അനുഭവിക്കുക.
4. മോക്ഷം - സംസാരത്തേ വിട്ടു ആത്മാനുഭവനായിരുത്തൽ
5. ഭഗവദ്കൈങ്കര്യം - ഇതുതന്നെ ഏറ്റവും മികച്ച പുരുഷാർത്ഥം. ശരീരമുള്ളത്തോളം എംബെരുമാനെ സേവിക്കുക. ഈ ശരീരം വിട്ടു നീങ്ങുമ്പോൾ പരമപദനത്തില് അങ്ങേയുടെ നിത്യ ദാസനാവുക.

- **പരമപദം ചേരാൻ അഞ്ചു വഴികൾ:**
  1. കർമ്മ യോഗം - യാഗം ദാനം തപസ്സ് എന്നിവ. ജ്ഞാന യോഗത്തിന് ഒരു വിഭാഗമായും പെടുത്താം. ഐഹികമായി ബന്ധപ്പെട്ടത്തു.
  2. ജ്ഞാന യോഗം - കർമ്മ യോഗത്തിൽ കിട്ടിയ ജ്ഞാനത്തേകൊണ്ട് ചിത്ത ശുദ്ധിയോടെ ഭഗവാനെ ധ്യാനിച്ചു, ഹൃദയകമലത്തിലിരുത്തി, ആ ഹൃദ്പദ്മനാഭനെ സദാ ധ്യാനിച്ചു കൈവല്യത്തിൽ എത്തിച്ചേരുക.
  3. ഭക്തി യോഗം - ജ്ഞാന യോഗം കൊണ്ട് ധാരമുറിയാത്തെ ഭഗവദനുഭവത്തിൽ മുങ്ങി മാലിന്യങ്ങളൊക്കെയൊഴിച്ചു ഭഗവാന്റെ സത്യ സ്വരൂപം അറിഞ്ഞു അതിൽ സ്ഥിരമായിരിക്കുക.
  4. പ്രപത്തി -
     - എളുപ്പം. മധുരം. പെട്ടെന്നു ഭഗവാനെയടുക്കാം. ഒരിക്കിൽ പ്രാപിച്ചാൽ മതി. പലവട്ടം ചെയ്യുന്നത് ഓർമ്മിപ്പിക്കാൻ മാത്രമേയുള്ളു.
     - 56ആമത്തെ സ്തോത്ര രത്നം: "ഒരു പ്രാവശ്യം ഭഗവാന്റെ തൃപ്പാദങ്ങളെ ഓർത്ത് എപ്പോഴെങ്കിലും ഇരുകൈകളും കൂപ്പി എത്തരക്കാരായാലും എങ്ങനെയെങ്കിലും തൊഴുന്നത് അപ്പോൾത്തന്നെ ദു:ഖങ്ങളൊക്കെ മായമായിപ്പോക്കി സര്വശ്രേഷ്ഠഫലങ്ങളൊക്കെ സമൃദ്ധിയായി പ്രസാദിക്കും".
     - കർമ്മ ജ്ഞാന ഭക്തി യോഗം ചെയ്യാൻ കഴിവില്ലെങ്കിലോ അഥവാ അങ്ങിനെ ചെയ്താൽ അവരുടെ സ്വാഭാവികമായി ചേരുന്നില്ലാ എന്നുള്ളോർക്കും എംബെരുമാൻ തന്നെ ഗതി എന്ന ഈ വഴിയാണ് ശരി. ഇതിൽ രണ്ടു വിധമുണ്ടു:
       - ആർത്ത പ്രപത്തി: ഭഗവാനെ നീങ്ങിയിരിക്കിന്നതു സഹിക്കാൻ ഒട്ടും വയ്യാ. ഇപ്പത്തന്നെ അങ്ങേയുടെ ചരണത്തിൽ എത്തിച്ചേർന്നേ പറ്റ് എന്ന കൊതിയുള്ളവർ.
       - തൃപ്ത പ്രപത്തി: ഘോര സംസാരമായിട്ടും എല്ലാം അങ്ങേയെ ഏൽപ്പിച്ചു അങ്ങേയുടെ കരുണ പ്രദീക്ഷിച്ചു ഭഗവദ് ഭാഗവത ആചാര്യ കൈങ്കര്യം ചെയ്തു അങ്ങേയുടെ വിളിയിനെ കാത്തുനിൽക്കുക.
  5. ആചാര്യ അഭിമാനം - മുമ്പില് പറഞ്ഞതൊന്നും ചെയ്യാൻ പറ്റിയില്ലെങ്കിലും വളരെ സുലഭമായ വേരോ വഴിയുണ്ട്.

- കരുണാസാഗരനായ ഒരു ആചാര്യൻ പൂർവന്മാർ വഴിയില് ശിഷ്യനെ സ്വയം ശുപാർശ ചെയ്തു, കൈയേപ്പിടിച്ചു കൂട്ടിച്ചെന്നു, നല്ല സംസ്കാരങ്ങളൊക്കെ പഠിപ്പിച്ചു, ശരിയാക്കിയെടുത്തു ഭഗവാന്റെ അടുപ്പിക്കും.
- ശ്രീരാമാനുജരെ നമ്മളെ സംസാരത്തില്നിന്നും മോചിപ്പിക്കും ഉദ്ധാരക ആചാര്യനായും, നമ്മുടെ സ്വന്തം സമാശ്രയണ ആചാര്യനെ ശ്രീരാമാനുജർക്കു സമീപത്തിലാക്കും ഉപകാരക ആചാര്യനായും കരുതുകയെന്നത്രെ.
- പല പൂർവാചാര്യന്മാരും ശ്രീരാമാനുജരുടെ ഉദ്ധാരാക ദയയെ പിന്നും പിന്നും ആവർത്തിച്ചിട്ടുണ്ട്. ഇതേക്കുറിച്ചു ഇവിടെ കാണുക:
- ഉദാഹരണത്തിന് വടുക നമ്പി എംബെരുമാനാരെ സര്വസ്വ ബന്ധുവായി ഭാവിച്ചിരുന്നതെ ആർത്തി പ്രബന്ധത്തില് ശ്രീ മണവാള മാമുനികൾ രേഖപ്പെടുത്തി.
-

- **ജീവാത്മാക്കൽ ഭഗവാനെ പ്രാപിക്കിന്നതിനു വിരോധികളും അഞ്ചു വിധമാണ്**:
  1. സ്വരൂപ വിരോധി -
     - ദേഹത്തേ ആത്മാവ് എന്ന തെറ്റ്ദ്ധാരണ.
     - എംബെരുമാനെയൊഴിച്ചു വേരോ വ്യക്തിയിന് അടിയനാവുക.
  2. പരത്വ വിരോധി -
     - അന്യ ദൈവങ്ങളെ കാര്യമായിട്ട് എംബെരുമാന് സമാനമായികണ്ട് തൊഴുക.
     - ശ്രീപരശുരാമ ശ്രീരാമ ശ്രീകൃഷ്ണാദി അവതാരങ്ങളെ മനുഷ്യരായി കാണുന്ന ബുദ്ധിഭ്രമ.
     - അർച്ചാ തിരുമേനികൾക്കുള്ള ശക്തിയെ പരിപൂർണ്ണമായും വിശ്വസിക്കുന്നില്ല.
  3. പുരുഷാർത്ഥ വിരോധി - ഭഗവദ്വിഷയമൊഴിഞ്ഞ മദ്രേക്കാര്യങ്ങളിൽ താൽപ്പര്യം.
  4. ഉപായ വിരോധി - പ്രപത്തി എളുപ്പം വഴിയെന്നിട്ടു അതൊഴിച്ച മറ്റ് സാധനങ്ങൾ മികച്ച ഉപായമെന്ന തെറ്റ്ദ്ധാരണ.
  5. പ്രാപ്തി വിരോധി -
     - ശരീരം - ആത്മാവുടെ സ്വഭാവമായ ഈശ്വര മോഹത്തിന് പ്രധാന ശത്രു ദേഹമാണ്.
     - മേലാല് പാപങ്ങൾ, ഭഗവദപചാരം, ഭാഗവഥാപചാരം എന്നിവയും.
- അർത്ഥ പഞ്ചക ഉപദേശം കിട്ടിയ പിന്നെ മുമുക്ഷു ദിവസേന എങ്ങിനെ പെരുമാറണമെന്ന് ശ്രീ പിള്ള ലോകാചാര്യർ സാധിച്ചിട്ടുണ്ട്:
  - ഭഗവാന്റെ മുമ്പിൽ വിനയമായും, ആചാര്യനിടത്തു അജ്ഞതയോടും, ശ്രീവൈഷ്ണവമ്മാർ കൂട്ടത്തിൽ അവരേച്ചാർന്നു പൂർണ്ണ വിശ്വാസവും കാണിക്കുക.

- സ്വന്തമായതൊക്കെ ആചാര്യ സമർപ്പണമെന്നത്രെ. ദേഹ രക്ഷണത്തിനായ സ്വത്തു മാത്രം മതിയാക്കിയിരിക്കുക. ഉജ്ജീവിച്ച ആചാര്യന് ഭക്തിയും നന്ദിയും കാണിക്കുക.
- ഐഹിക ഐശ്വര്യങ്ങളില് അശ്രദ്ധയോടെയും, ഈശ്വര വിഷയത്തിൽ താൽപ്പര്യത്തോടെയും, ആചാര്യനിടത്തില് ആശയോടെയും, ശ്രീവൈഷ്ണവരിടത്തു പ്രീതിയോടെയും, സംസാരികൾ സംഘത്തിൽ നിന്ന് മാറിയും പ്രവർത്തിക്കേണ്ടതാണു.
- ഭഗവദ്കൈങ്കര്യത്തിൽ ആശയും, പ്രപത്തി പിന്നെ ആചാര്യ അഭിമാന വിശ്വാസവും, വിരോധികളിടത്തു ഭയവും, ശരീരത്തോടെ വെറുപ്പും വിയോഗമും, ശരീരം അനിത്യമെന്ന ഉറപ്പും ഭാഗവത ഭക്തിയും വേണം.

ഇങ്ങിനെ ഇതൊക്കെ മനസ്സിലാക്കി ഉറപ്പായി പ്രവർത്തിക്കിന്ന പ്രപണരേ എംബെരുമാൻ തന്റെ ഉഭയ നാച്ചിമാർകളേക്കാൾ കൂടുതൽ പ്രണയിക്കിന്നു.

ചെയ്യരുത്

ശ്രീവൈഷ്ണവന്മാർ വിട്ടു നിൽക്കേണ്ട കുറ്റങ്ങൾ (അപചാരം, അപരാധം, തെറ്റ്, ദുരാചാരം, മര്യാദകെട്ട പ്രവൃത്തി എന്നും പറയാം) ഏതാണു? ശാസ്ത്ര വിധികളെ അനുസരിച്ചില്ലെങ്കില് അപചാരമാണ്. ശാസ്ത്രങ്ങൾ ചെയ്യൂവെന്നു പറയുന്നത് ചെയ്യുകയും അരുതെന്ന് പറയുന്നത് ചെയ്യാതിരിക്കുകയും വേണം. ഇതെല്ലാം നമ്മുടെ പൂർവാചാര്യന്മാർ സമ്പുടമാക്കിട്ടുണ്ട്.

നാലും പാടില്ലാ

നാല് പ്രധാന കാര്യങ്ങളെ ചെയ്യാൻ ശ്രീവൈഷ്ണവന്മാർ അസക്തരായിരിക്കണമെന്നു ശ്രീവചന ഭൂഷണ ദിവ്യ ശാസ്ത്രത്തില് ശ്രീ പിള്ള ലോകാചാര്യർ 300 മുതൽ 307 ആമത്തെ സൂത്രങ്ങളില് രേഖപ്പെടുത്തിട്ടുണ്ട്.

1	ആകൃത്യ കരണം	ശാസ്ത്രം ചെയ്യരുതെന്നും കാര്യങ്ങൾ
2	ഭഗവദ് അപചാരം	എംബെരുമാനെ അവഗണിക്കുക. (മാമുനികളും വിപുലമായി വ്യാഖ്യാനിച്ചിട്ടുണ്ട്)
3	ഭാഗവത അപചാരം	ഭാഗവതന്മാരെ മര്യാദ കുറവായി പെരുമാറുക
4	അസഹ്യ അപചാരം	ഒരു കാരണവുമില്ലാതെ ഭഗവാൻ ഭാഗവതന്മാർ രണ്ടു കൂട്ടർക്കും കുറ്റം ചെയ്യുക

മേൽപ്പറഞ്ഞ നാല് അപചാരങ്ങളുടെ വിവരങ്ങളെ ഇനി കാണാം

ആകൃത്യ കരണം

പൊതുവേ ശാസ്ത്രങ്ങൾ അരുതെന്ന് പറയുന്നവ ഇതാണ്:

- പര ഹിംസ - അനാവശ്യമായി പുല്ല് പൂണ്ടു മുതലായ ചെറിയ ജീവികളെയും ഉപദ്രവിക്കരുത്.
- പര സ്തോത്രം - ഭഗവാനേയും ഭാഗവതന്മാരേയും ഒഴിച്ചു വേരോർത്തരേയും കീർത്തിക്കരുത്.
- പരതാര പരിഗ്രഹം - വേരോർത്തർടെ ഭാര്യയെ മനസ്സിൽ പോലും തെറ്റായി ചിന്തിക്കരുത്.

- പരദ്രവ്യ അപഹാരം - ഇഷ്ടപ്പെട്ടു മറ്റൊരുത്തർ കൊടുക്കുന്നതെ സ്വീകരിക്കുക എന്നല്ലാതെ, വേരോർത്തർടെ ഉടമയെ മോഷ്ടിക്കരുത്.
- അസത്യ കഥനം - സത്യമോ, വാസ്ഥവമോ, ഒരു ജീവന് ഉപയോഗമോ അല്ലാത്തെ ഒരു കാര്യവും പാടില്ലാ.
- അഭക്ഷ്യ ഭക്ഷണം - വിലക്കപ്പെട്ട ആഹാരങ്ങളെ കഴിക്കരുത്. ഭക്ഷണത്തിന്റെ ഗുണം (സ്വാഭാവിക) / വിളമ്പുന്ന ആളുടെ ഗുണം (ആശ്രയണ) / പ്രത്യേക ഗുണം (നിമിത്ത) കൊണ്ട് ദോഷകരമായ ഊണ് ഉണ്ണാൻ പാടില്ലാ. കൂടുതൽ വിവരങ്ങൾക്ക് - http://ponnadi.blogspot.in/2012/07/SrIvaishNava-AhAra-niyamam_28.html
- മനു സ്മൃതി മുതലായ ശാസ്ത്ര വിധികളെയും ശ്രദ്ധിച്ചു കയ്ക്കൊള്ളുക.
- സാമാന്യർ ചെയ്യാൻ പാടില്ലാ എന്ന് ശാസ്ത്രങ്ങൾ വിധിച്ചതെ ശ്രീവൈഷ്ണവന്മാരും ചെയ്യാൻ പാടില്ലാ.

ഭഗവദ് അപചാരം

- എംബെരുമാൻ ശ്രീമന്നാരായണനെ മറ്റ് ദൈവങ്ങൾക്ക് ഒപ്പം കരുതുക. ബ്രഹ്മാവ്, ശിവൻ, ഇന്ദ്രൻ, പഞ്ച ഭൂതങ്ങൾ എന്നിവരെ നിയമിച്ച് നിർവഹിക്കും എംബെരുമാൻ ശ്രീമന്നാരായണനെ ആ ദൈവങ്ങൾക്ക് ഒപ്പം കാണാനാവില്ലാ. എംബെരുമാൻ ശ്രീമന്നാരായണന് സമാനമായോ മികച്ചതായോ വേരോ ദൈവമില്ലാ എന്നത്രെ.
- ശ്രീ പരശുരാമർ, ശ്രീ രാമർ ശ്രീ കൃഷ്ണൻ മുതലായ അവതാരങ്ങളെ മനുഷ്യരായോ മനുഷ്യരിൽ ഉയർന്നവരായോ കാണരുത്. കർമപരമായി വന്ന ജനനം പോലെയല്ലാ. ഏതുമില്ലാത്തെ എല്ലാ ജീവൻകൾക്കും ഹിതം ചെയ്യുന്ന സ്വഭാവം കൊണ്ട് അവതരിക്കുന്നു. പരമ പദത്തിൽ പോലെത്തന്നെ സർവ കല്യാണ ഗുണങ്ങളോടെ ചേർന്ന് അവതരിക്കുകയാണ് എംബെരുമാൻ. മാതൃ ഗർഭവാസവും, ഒരു പിറന്നാളും, വനവാസം, മഹാഭാരത യുദ്ധം ഇങ്ങിനെ വിഭവങ്ങൾ ചെയ്യുന്നതും നമ്മളെ രക്ഷിക്കാൻ വേണ്ടി മാത്രം ഒരു ലീലയായി മാത്രം ചെയ്യുന്നു എംബെരുമാൻ. കർമ്മ ഫലമോ പാപപുണ്യങ്ങളോ ചേരുവില്ലാ. ലോകരക്ഷണത്തിനു അവതരിക്കുന്ന എംബെരുമാനെ മനുഷ്യരെപ്പോലെ കാണരുത്.

ശ്രീമദ് ഭഗവദ്ഗീത

ശ്രീമദ് ഭഗവദ്ഗീത **നാലാം അധ്യായത്തില്** സ്വയം ശ്രീകൃഷ്ണൻ പറയുന്നു:

ബഹൂനി മേ വ്യതീതാനി ജന്മാനി തവ ചാർജുന
താന്യഹം വേദ സർവ്വാണി ന ത്വം വേത്ഥ പരന്തപ (ശ്ലോകം 5)

അർജുനാ, എന്റെ വളരെയേറെ അവതാരങ്ങളും നിന്റെ പല ജന്മങ്ങളും കഴിഞ്ഞു പോയി. അതൊക്കെ എനിക്കറിയാം. നീ അറിയുന്നില്ല.

അജോപി സന്നവ്യയാത്മാ ഭൂതാനാമീശ്വരോപി സൻ
പ്രകൃതിം സ്വാമധിഷ്ഠായ സംഭവാമ്യാത്മമായയാ (ശ്ലോകം 6)

ഞാൻ
(1) ജനനമില്ലാത്തവൻ
(2) നാശമില്ലാത്തവൻ
(3) സർവ്വഭൂതങ്ങളുടെ ഈശ്വരനുമാണ്

എങ്കിലും
(1) സ്വന്തം പ്രകൃതിയെ അധിഷ്ടാനമാക്കി
(2) സ്വന്തം മായയാൽ
ഞാൻ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു

ജന്മ കർമ ച മേ ദിവ്യമേവം യോ വേത്തി തത്ത്വതഃ
ത്യക്ത്വാ ദേഹം പുനർജന്മ നൈതി മാമേതി സോർജുന (ശ്ലോകം 9)

ഇങ്ങിനെയുള്ള എന്റെ ദിവ്യമായ ജന്മവും കർമ്മവും യാതൊരുവൻ അറിയുന്നുവോ അവൻ ശരീരം വിട്ടാൽ പുനർജന്മം പ്രാപിക്കുന്നില്ല. ഹേ അർജുനാ, അവൻ എന്നെത്തന്നെ പ്രാപിക്കുന്നു.

ഭഗവദ് അപചാരം (തുടർച്ച)

- അവരവരുടെ വര്ണാശ്രമ വിധികളെ ആചരിക്കിന്നില്ലാ - മണവാള മാമുനികൾ ഈ അപചാരത്തിന് കൊടുത്ത ഉദാഹരണങ്ങൾ - സന്യാസികൾ അടക്കായ് ചവയ്ക്കാൻ പാടില്ലാ. തിരുവാരാധന സമയത്തും നാലാം വർണത്തവർ വേദ മന്ത്രങ്ങൾ ചൊല്ലാൻ പാടില്ലാ. എന്തുകൊണ്ട് ഇതൊക്കെ കുറ്റമാകുന്നു? **വിഷ്ണു ധർമ്മം 6ആം അദ്ധ്യായം 31ആം ശ്ലോകത്തിൽ** ശ്രീ ഭഗവാൻ തന്നെ പറയുന്നു:
    - ***ശ്രുതിസ്മൃതി മമൈവാജ്ഞാ യസ്യ ഉള്ളംഘ്യ വർതതേ|***
      ആജ്ഞാഛേദി മമ ദ്രോഹി മദ്ഭക്തോപി ന വൈഷ്ണവ:||
        - വേദങ്ങളും ശാസ്ത്രങ്ങളും എന്റെ ഉത്തരവുകലാണു. ധിക്കാരികൾ എന്റെ ഉത്തരവ് നിരാഹരിക്കിന്ന ദ്രോഹികൾ. എന്റെ ഭക്തൻ തന്നെയായാലും ശ്രീവൈഷ്ണവന്മാരല്ലാ.
- അർച്ചാ മൂർത്തികളേ താരതമ്യം ചെയ്യരുത് - കടലാസിയിൽ അച്ചടിച്ച ശ്രീരാധാകൃഷ്ണൻ ചിത്രമായാലും, മംകൊണ്ടുണ്ടാക്കിയ ഉണ്ണികൃഷ്ണൻ എന്നാലും,

സവർണ ലക്ഷ്മി തന്നെയെങ്കിലും, പിച്ചള ലഡ്ഡു കൃഷ്ണനായാലും, നേപാളത്തില് ഖണ്ഡകി നദിയിൽ കിട്ടിയ സാളഗ്രാമമായാലും എല്ലാം എംബെരുമാൻ തന്നെയാണ്.

  - ജീവാത്മാവ് സ്വാതന്ത്രനാണെന്നു കരുതല്ലേ - ഭഗവദ് സങ്കൽപ്പമില്ലാതെ എന്തെങ്കിലും സാധിക്കുമോ? ഇങ്ങിനെ ചിന്തിക്കുന്നതു കൊണ്ട് നമുക്ക് എല്ലാ പാപങ്ങളും വന്നു ചേരുന്നു. ഇതാണ് മഹാമോഷണമെന്നു സാത്രങ്ങൾ പറയുന്നു. പരമാത്മാവുടെ അടിയനാണ് ജീവാത്മാവ് എന്നുണരു.
  - ഭഗവദ് ദ്രവ്യ അപഹാരം - എംബെരുമാന്റെ പ്രസാദം തിരുവാഭരണം എന്നിവ മോഷ്ടിക്കുന്നത്, കള്ളരെ സഹായിക്കിന്നത്, തൊണ്ടി മേടിക്കുന്നത്, "ഞ്ഞാൻ ചോദിച്ചു വാങ്ങിയില്ലാ, കള്ളൻ തന്നെ ഏൽപ്പിച്ചു" എന്ന് ഒഴിവുകഴിവ് പറയുന്നത് ഒക്കെ ഭഗവാന് സമ്മദമല്ലാ.
  - ഇങ്ങിനെ പല കാര്യങ്ങൾ - ശാസ്ത്രം പാടില്ലെന്ന് പറഞ്ഞതെല്ലാം തെറ്റാണു.

ഭാഗവത അപചാരം

- മറ്റ് ശ്രീവൈഷ്ണവന്മാരെ തന്നെക്കാൾ താഴ്ന്നവരെന്നു കരുതല്ലേ. സ്വയം താഴ്ത്തുകയല്ലേ സൻമാർഗം. കാമക്രോധലോഭമോഹമദമാച്ചര്യങ്ങൾ മനസ്സിലുണ്ടാക്കുന്ന ശ്രീവൈഷ്ണവ വിരോധമാണ് ഭാഗവത അപചാരം.
- ശ്രീപിള്ള ലോകാചാര്യർ 190 മുതൽ 207 വരയില് ശ്രീവചനഭൂഷണ സൂത്രങ്ങളിൽ ഭാഗവത അപചാരത്തെ വിശദമായി പറഞ്ഞു. അതിന്റെ ചുരുക്കം:
  - പൊതിഞ്ഞു വച്ച വസ്ത്രംകൂടി, കാറ്റ് വീശിയാൽ ഭസ്മമ്പോൾ പറക്കുന്നത് പോലേ, ഭാഗവത അപചാരികൾ ഊർധവ പുണ്ഡ്രം, പഞ്ചകച്ച എന്നീ ശ്രീവൈഷ്ണവ ചിഹ്നങ്ങൾ ധരിച്ചാലും, , അവരുടെ തൊലി വെളുക്കും.
  - മഹാവിഷ്ണുവിന്റെ അവതാരങ്ങളൊക്കെ ഭാഗവതരെ രക്ഷിക്കാൻതന്നെയായിരുന്നു:

ശ്രീ വരാഹ അവതാരം	ശ്രീ ഭൂമാദേവിയെ തട്ടിക്കൊണ്ടുപോയ ഹിരണ്യാക്ഷനേ സംഭരിക്കാൻ
ശ്രീ നൃസിംഹ അവതാരം	പ്രഹ്ലാദ ആഴ്വാനെ ഉപദ്രവിച്ച ഹിരണ്യകശിപുവേ കൊല്ലാൻ
ശ്രീ രാമ അവതാരം	സീതാ ദേവിയെ കവർന്നു ചെന്ന രാവണനെ യുദ്ധത്തിൽ വദിക്കാൻ
ശ്രീ കൃഷ്ണ അവതാരം	പഞ്ച പാണ്ഡവരെ രക്ഷിക്കാൻ മഹാഭാരത യുദ്ധത്തിൽ ശ്രീ പാർത്ഥസാരഥിയായി

ശ്രീമദ് ഭഗവദ്ഗീത

ശ്രീമദ് ഭഗവദ്ഗീത **നാലാം അധ്യായത്തില്** സ്വയം ശ്രീകൃഷ്ണൻ പറയുന്നു:

യദാ യദാ ഹി ധർമസ്യ ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമസ്യ തദാത്മാനം സൃജാമ്യഹം (ശ്ലോകം 7)

എപ്പോഴെല്ലാം
(1) ധർമ്മത്തിനു തളർച്ചയും
(2) അധർമ്മത്തിനു ഉയർച്ചയും
സംഭവിക്കുന്നുവോ അപ്പോഴെല്ലാം ഞാൻ സ്വയം അവതരിക്കുന്നു.

പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം
ധർമസംസ്ഥാപനാർഥായ സംഭവാമി യുഗേ യുഗേ (ശ്ലോകം 8)

(1) സജ്ജനങ്ങളുടെ സംരക്ഷണത്തിനും
(2) ദുഷ്ടന്മാരുടെ സംഹാരത്തിനും
(3) ധർമ്മം നിലനിർത്തുന്നതിനും - വേണ്ടി യുഗം തോറും ഞാൻ അവതരിക്കുന്നു.

ഈ ശ്ലോകങ്ങൾക്കു **എംബെരുമാനാർ ഗീതാ ഭാഷ്യത്തിലും ശ്രീവേദാന്താചാര്യർ താത്പര്യ ചന്ദ്രികയിലും** വിശദമായി വ്യാഖ്യാനിച്ചതെ വേരോ സമയം നമ്മള് വായികാം.

ഭാഗവത അപചാരം (തുടർച്ച)

- ശ്രീവൈഷ്ണവന്മാർ ജനിച്ച കുലം, അറിവ്, ധനം, ഭക്ഷണം, ബന്ധുക്കൾ, വസതി എന്നിവ നോക്കി അവഗണിക്കിന്നത് ക്രൂരവും, അർച്ചാ തിരുമേനികളെ താരതമ്യം ചെയ്യുന്നതേക്കാൾ രൂക്ഷവുമാണ്. പെറ്റമ്മ പതിവ്രതയാണോ എന്ന് സംശയിക്കുന്നത് പോളാണ്.
- ഈ മേൽപ്പറഞ്ഞ ഭാഗവത അപചാരങ്ങളിൽ എന്തെങ്കിലും ഒന്നു ചെയ്താലും അത് മഹാപാപമാണ്. എന്നിട്ട് നമ്മുടെ പൂർവാചാര്യന്മാർ ശ്രീവൈഷ്ണവരോടെ വളരെ ജാഗ്രതായായി പെരുമാറി. ആചാര്യന്മാർ തന്നെയായാലും സ്വന്തം ശിഷ്യരിടത്തു വളരെ മാന്യതയോടെ പെരുമാറി.

ഭാഗവത അപചാരം - തൃസംഖ്

ഭാഗവത അപചാരത്തുടെ കെട്ട ഫലങ്ങളിന് ഒരു ഉദാഹരണം: തൃസംഖ് ചരിതം - സ്വന്തം മനുഷ്യ ദേഹത്തോടെ സ്വർഗം പോകാൻ പിടിവാസിയായിരുന്നു തൃസംഖ് മഹാരാജാവ്. തന്റെ ഗുരു വശിഷ്ഠരെ ചോദിച്ചു. അവർ പറ്റില്ലെന്നു പറഞ്ഞു. വശിഷഠരുടെ മക്കളേ ശല്യപ്പെടുത്തി. അവരും സഹായിച്ചില്ല. എന്നിട്ടു രാജാവ് അവരുമായി കോപിച്ചു. ആ ഋഷി മക്കൾ രാജാവേ ശപിച്ചു.

ശാപം കാരണം രാജാവ് നായാമാംസം കഴിക്കുന്ന താന്ന ജീവനായി. അവന്റെ യജ്ഞോപവീതം പോലും തൊലി മാലയായി. ശ്രീവൈഷ്ണവർകൾ ഉന്നത സ്ഥാനാർത്തികളായത്കൊണ്ട് ചെറു വീഴ്ച്ച വരുത്തിയാലും അതിനെ വലിയ ശിക്ഷ നിശ്ചയം. അഴിമതിയുടെ ഫലം ഒരു സാമാന്യ ഉദ്യോഗസ്ഥനെക്കാൾ പ്രധാനമന്ത്രിയിന് മഹാ അപമാകുന്നില്ലേ? അതുപോൾത്തന്നെയാണ്.

ഭാഗവത അപചാരം - തിരുമാല

തിരുമാല എന്ന **പ്രബന്ധത്തിൽ തൊണ്ടരടിപ്പൊടിയാഴ്വാർ** പാടിയത്:

അമര വോരംഗ മാറും വേദമോർ നൻകു മോതി
തമർകളിൽ തലൈവരായ ജാതി യന്തണർക ളേലും
നുമർകളൈ പ്പഴിപ്പ രാക്കിൽ നൊടിപ്പതോ രളവി ലാങ്കേ
അവർകള്താം പുലയർ പോലും അരംഗമാ നഗരു ളാനേ

ഋഗ്, യജുസ്സു, സാമ, അഥർവണമെന്ന നാല് വേദങ്ങൾ; ശിക്ഷാ, വ്യാകരണം, ഛന്ദസ്സ് , നിരുത്തം, ജ്യോതിഷം, കല്പമെന്ന ആറു വേദാങ്ങങ്ങൾ എല്ലാത്തെയും കാണാപ്പാഠം പഠിച്ചു, അർത്ഥം കൂടി മനസ്സിലാക്കി, അതിന്റെ ഫലമായി ഭഗവദ് കൈങ്കര്യമഗനരായിരിക്കുന്ന മഹാ ബ്രാഹ്മണരായാലും, ഈപ്പറഞ്ഞ യോഗ്യതകൾ ഒന്നുമില്ലാത്തെ വെറും ഭഗവദ് കൈങ്കര്യം മാത്രമായുള്ള ഒരു ശ്രീവൈഷ്ണവരെ അവര് താഴ്ന്ന ജാതിയില് പിറന്നതേപറഞ്ഞു ദുഷിച്ചാല് , ദൂഷികിന്നവരുടെ ബ്രാഹ്മണ്യം കെട്ടു അവർ താഴ്ന്നുപോകും. പുനർജന്മത്തിലൊന്നുമില്ലാ. തൽക്ഷണം തന്നെ താഴ്ന്നുപോകും.

ഭാഗവത അപചാരം - ശ്രീ ഗരുഡ ആഴ്വാർ

ശ്രീ ഗരുഡ ആഴ്വാർ ശ്രീ മഹാവിഷ്ണുവിന്റെ വാഹനവാണ്. വേദങ്ങളിൽ പണ്ഡിതണുവാണ്. ശ്രീമന്നാരായണന്റെ പെരിയ തിരുവടി എന്നറിയപ്പെടുന്നു. എന്നിട്ടും അവർക്കും ഒരിക്കിൽ അബദ്ധം പറ്റി. ആകാശത്ത് പറക്കുമ്പോൾ താഴെ ചാണ്ടിലി എന്നൊരു മഹാവിഷ്ണുവിന്റെ തീവ്ര ഭക്തയെക്കണ്ട്.

ഇത്തരം മഹാവ്യക്തി ഒരു ദിവ്യ ക്ഷേത്രത്തിൽ താമസിയാതെ അവളുടെ ഭക്തിശ്രദ്ധയ്ക്കു ഒട്ടും ചേരാത്ത ഒരു ചുറ്റുപാട് തിരഞ്ഞെടുത്തത് എന്തിനാ എന്ന് പരിതാപപ്പെട്ടു. രണ്ടു ചിറകുകളും കത്തിപ്പോയി, തടാലെന്നു അവളുടെ കാലിൽ വീണു കിടക്കുകയായി. തൽക്ഷണം. മനസ്സിലായി. ഭാഗവതരുടെ പാർപ്പിടത്തെ കുറവായി ഓർത്ത അപ്പോൾത്തന്നെ ചിറകൊടിഞ്ഞു വീണു. പിന്നീട് അവരിടത്തു മാപ്പുപറഞ്ഞ് ചിറകു തിരികെക്കിട്ടി.



ചാണ്ടിലിയും ചിറകു തീക്കൊണ്ട ഗരുഡ ആഴ്വാരും

ഭാഗവത അപചാരം - 2 ഉദാഹരണങ്കൂടി

- പിള്ളപ്പിള്ളയാഴ്വാൻ തുടർച്ചയായി ഭാഗവത അപചാരങ്ങൾ പല തവണ ചെയ്തു. കൂർത്താഴ്വൻ വളരെ ക്ഷമയോടെ പല തവണ നല്ല വാക്കു പറഞ്ഞു അവരെ നന്നാക്കി.
- ജ്ഞാനം സദാചാരങ്ങൾ എത്രയുണ്ടെങ്കിലും ആചാര്യ അനുഗ്രഹമുണ്ടെങ്കിൽത്തന്നെ മോക്ഷം കിട്ടുന്നത് പോലെ, എത്ര ജ്ഞാനം സദാചാരങ്ങൾ ഉണ്ടെങ്കിലും ശ്രീവൈഷ്ണവന്മാരിടത്തു മര്യാദയായി പെരുമാറിയില്ലെങ്കിൽ വീഴുമെന്നോർത്തോള്.

അസഹ്യ അപചാരം

- ഒരു കാരണവുമില്ലാത്തെ എംബെരുമാൻ, ആചാര്യൻ, ശ്രീവൈഷ്ണവന്മാർ എന്നിവരിടത്തു മര്യാദ കുറവ് കാണിക്കുന്നത്.
- ഹിരണ്യകശിപുവിന് എംബെരുമാൻ ഒരു ഉപദ്രവും ചെയ്തില്ല. എന്നിട്ടും എംബെരുമാൻ പേര് പോലും കേഴ്ക്കാൻ വൈയാതായി! ഇത് വെറുതെ കാണിച്ചുകൂട്ടിയ (അസഹ്യ) ഭഗവദ് അപചാരമാണ്.
- ആചാര്യന്റെ ആജ്ഞ നിരസിക്കുക. ആചാര്യൻ പഠിപ്പിച്ചതെ, പൊന്നും പ്രസിദ്ധിയുമോർത്തു അയോഗ്യർക്കു പറഞ്ഞു കൊടുക്കുക. ഇവ രണ്ടും ആചാര്യന് ചെയ്ത അസഹ്യ അപചാരങ്ങളാണ്.
- ശ്രീവൈഷ്ണവന്മാരോടെ അസൂയ കാണിക്കുന്നതും ഒരു അസഹ്യ അപചാരമാണ്.

ചുരുക്കത്തില്

- നയം - വിനയം
- ഓരോ അപചാരമും ഒന്നിനെക്കാളൊന്നു രൂക്ഷവും കൊടുമയുമേറിയതാണ്. ഭഗവദ് അപചാരം ആകൃത്യ അപചാരത്തേക്കാൾ ക്രൂരമാണ്. ഭാഗവദപചാരം ഭഗവദ് അപചാരത്തേക്കാൾ ക്രൂരം. ഒരുകാരണവുമില്ലാത്തെ അസഹ്യ അപചാരം എല്ലാത്തിനെക്കാൾ രൂക്ഷമാണ്.
- നമ്മുടെ പൂറുവന്മാർ അപചാരങ്ങൾക്കു അഞ്ചി ജീവിച്ചിരുന്നു. പ്രത്യേകം അവകളെ ഒഴിവാക്കാൻ കണ്ണും കരുത്തുമായി. എന്നിട്ടും എന്തെങ്കിലുമൊക്കെ അറിയാത്തെ പെട്ടുപോയിട്ടുണ്ടോ എന്ന് ഭയപ്പെട്ടു, അന്തിമ സമയത്ത് ഓരോ ആചാര്യനും ശിഷ്യന്മാർ, ശ്രീവൈഷ്ണവന്മാർ ഏവരിടത്തും ക്ഷമ ചോദിച്ചു പിരിയുന്നതെ ഓരോ ആചാര്യന്റെ ചരിത്രത്തിലും നമ്മള് വായിച്ചു.
- ആരു പറഞ്ഞു പൂറുവന്മാർ എല്ലാത്തെയും രഹസ്യമെന്ന് നമ്മിട്ടം പരായത്തെ പോയെന്നു? ഇതാ ഇപ്പോൾ പറഞ്ഞ വിവരങ്ങളൊക്കെ വിശതമായും ലളിതമായും ഗ്രന്ഥങ്ങളിൽപ്പെടുത്തിയിട്ടല്ലേ നമ്മള് വായിച്ചറിയുന്നു.
- എന്നിട്ടു പഠിച്ചതൊക്കെ പ്രവർത്തിക്കാം. അനുഷ്ഠിക്കാത്ത അറിവ് മാത്രമുണ്ടായിട്ടു ഒരു ഗുണവും നമുക്കുണ്ടാവില്ലാ.

നിത്യ കർമങ്ങൾ

- ശ്രീ വൈഷ്ണവന്മാർ ദിനവും ചെയ്യേണ്ടവ:
  - **സമനോക്കു** - യാതൊരു ശ്രീവൈഷ്ണവന്മാരെയും ബഹുമാനിക്കുക. ഏതു ജാതിയിൽ പെട്ടവരായാലും ശരി. അഥവാ *ബ്രഹ്മചര്യം*, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സംന്യാസം എന്നീ ഏതു ആശ്രമക്കാരായാലും ശരി. ജ്ഞാനം കുറവോ കൂടിയായാലും ശരി. ഏവരെയും ഒരുപ്പോൾ കാണണം എന്നാ എംബെരുമാന്റെ തൃമനസ്സു.
  - **വിനയം** - അഹങ്കാരമോ മമകാരമോ ധനമോഹമോ ഇല്ലാത്തെ സാധാരണയായി ജീവിക്കുക. അണുവായ നമ്മുടെ ആത്മാവ് എവിടെ. മഹത്തുക്കൾക്കു മഹത്തായ പരമാത്മാവ് എവിടെ. നമുക്ക് ഒരു വിലയുണ്ടോ?
  - **ആചാര്യ സേവ** - സ്വന്തം ആചാര്യനോട് ബന്ധപ്പെട്ടിരുക്കുക. പരമാവധി ആചാര്യരുടെ തിരുമേനി ധന ഐഹിക ആവശ്യങ്ങളെയെങ്കിലും നോക്കണം.
  - **നിത്യ കർമ്മ അനുഷ്ഠാനം** - സ്നാനം, നെറ്റിയില് ഊർധവ പുണ്ഡ്രകുറി, സന്ധയാവന്ദനം എന്നിവ ചെയ്യുന്നത് അകത്തും പുറത്തും ശുദ്ധിയും ദൃഢതയും ജ്ഞാനവും കൂടും.
    - ലജ്ജയോ ഭയമോ ഇല്ലാത്തെ എപ്പോഴും നെറ്റിയില് ഊർധവ പുണ്ഡ്രകുറിയുടൻ ഇരിക്കണം. ഭഗവാന് അടിയനാണെന്ന ഗർവവും ധൈര്യവും കൊള്ളുക.
    - മഹാ വ്യക്തികളായ ശ്രീവൈഷ്ണവാചാര്യന്മാർ ശിഷ്യ പരമ്പരയില് ഭാഗ്യവശം ജനിച്ച നമ്മള് നാണമൊന്നുമില്ലത്തെ നമ്മുടെ പാരമ്പര്യ പ്രകാരം വര്ണാശ്രമത്തിനു പറഞ്ഞിട്ടുള്ള ഉടുപിടണം. ഉദാഹരണത്തിന് ബ്രാഹ്മണർകൾ ഗൃഹസ്ഥരായാല് പുരുഷന്മാർ മുണ്ടെ പഞ്ചകച്ചയായും സ്ത്രീകൾ പുടവയെ മടിപ്പുടവയായും ഉടുക്കണം.
  - **മറന്നും പുറംതൊഴല്ലേ** - എംബെരുമാൻ ആഴ്വാർകൾ ആചാര്യകളെ മാത്രം വണങ്ങുക. ഇന്ദ്രൻ, രുദ്രപരിവാരങ്ങൾ, അഗ്നി, വരുണൻ, നവഗ്രഹാദികളെ തൊഴല്ലേ. ജീവർകളായ നമ്മൾ എംബെരുമാന്റെ ഭാര്യമാരെപ്പോലെയാണ്. അതുകൊണ്ടാ ആചാര്യന്മാർ അന്യദേവതാ നമസ്കാരം പാടില്ലാവെന്നത്.
  - **തിരുവാരാധനം** - നമ്മുടെ ചെറിയ വീട്ടിലും വന്നു താമസിക്കുന്ന എംബെരുമാന് ദിവസം കുളിപ്പിച്ചു (വിഗ്രഹമോ, ശാലഗ്രാമമോ എന്നാൽ) ഊണ് കൊടുക്കണം. ഇതിന് തിരുവാരാധനമെന്നു പറയും. അവരെ നോക്കാതിരിക്കിന്നത് മഹാ പാപമാണ്. അങ്ങനെ ചെയ്യുന്നവർക്ക് നല്ല ഗതി കിട്ടുവില്ലാ. യാത്രയായാല് കൂട്ടത്തിൽ എഴുന്നരുളിപ്പിച്ചുകൊല്ലുക. അഥവാ കൃത്യമായ തിരുവാരാധനത്തിനു എൽപ്പാട് ചെയ്യണം. കൂടുതൽ വിവരങ്ങൾ

ഇവിടെ കാണാം:
http://ponnadi.blogspot.in/2012/07/srivaishnava-thiruvaaraadhanam.html



തിരുവാരാധനയിന് എല്ലാം തയ്യാറാണ്

- **പ്രസാദം തന്നെ കഴിക്കുക** - എംബെരുമാൻ കണ്ടരുളിയ ഊണ് - പ്രസാദം എന്ന് പറയും - മാത്രം കഴിക്കുക. അവരവർ ജാതി ആശ്രമ നിയമങ്ങൾക്കുൾപ്പെട്ട ആഹാരം ഉണ്ണുക. ആഹാര നിയമങ്ങൾ വിശദമായി ഇവിടെ പറഞ്ഞിട്ടുണ്ട്: http://ponnadi.blogspot.in/2012/07/srivaishnava-aahaara-niyamam_28.html , http://ponnadi.blogspot.in/2012/08/srivaishnava-ahara-niyamam-q-a.html.
- **ഭാഗവത സംഘം** - ശ്രീവൈഷ്ണവ സഹവാസം നേടുക. അവരുവായി ഭഗവദ് വിഷയങ്ങൾ ചർച്ച ചെയ്യുന്നത് ഗുണമുണ്ടാക്കും.
- **ക്ഷേത്രാടനം** - ദിവ്യ ദേശങ്ങൾ, ആഴ്വാർ ആചാര്യർ അവതരിച്ച സ്ഥലങ്ങൾ മുഖ്യമായത് കൊണ്ട് അവസരം കിട്ടുമ്പോഴൊക്കെ അവിടെ ചെന്ന് കൈങ്കര്യം ചെയ്താലും. തൊഴുതെങ്കിലും കൊള്ളാം. "രംഗ യാത്രാ ദിനേ ദിനേ" എന്നു കൊതിച്ചിരുന്ന കുലശേഖര ആഴ്വാരെപ്പോലെ.
- **ദിവ്യ പ്രബന്ധ പാരായണം** - ദിവ്യ പ്രബന്ധങ്ങൾ ശ്രീവൈഷ്ണവരുടെ ജീവനാണ്. അവകളെ പഠിച്ചു, പാരായണം ചെയ്തു, വ്യാഖ്യാനങ്ങളേയറിഞ്ഞു അപ്രകാരം ജീവിച്ചാല് ഐഹിക വിഷയങ്ങളിൽ വ്രകത്രിയും ഭഗവാൻ പിന്നെ ഭാഗവതരിടത്തു പ്രീതിയുമുണ്ടാകും.
- **ഗുരുപരമ്പര ചരിത്രം** - പൂർവാചാര്യന്മാരുടെ ജീവിതം നമുക്ക് ആദർശ വഴിയാണ്. കരുണയും ബഹുമാനവും നിറഞ്ഞ അവരെപ്പോലെ കഴിഞ്ഞുകൂടുക. ഇക്കാലത്ത് ജീവിത ശൈലിയിലുണ്ടാകുന്ന കുഴപ്പങ്ങളൊക്കെ ശരിയാകും.
- **പൂർവാചര്യ ഗ്രന്ഥ പാരായണം** - പൂർവാചാര്യ ഗ്രന്ഥങ്ങളെ ഇടക്കിടക്ക് പഠിക്കുക. അഴിയാത്ത സ്വത്തു. വേദാന്തം, ദിവ്യ പ്രബന്ധ വ്യാഖ്യാനം, സ്തോത്രം, ഗ്രന്ഥം,

ചരിത്രം എന്നീ പലതും ഒരുതരം വായിച്ചാൽ മതി. പിന്നും പിന്നും പഠിക്കാൻ പരവശമുണ്ടാകും. കൂടുതൽ വിവരങ്ങൾ ഇവിടെ: http://koyil.org/index.php/portal/

- **ഉപന്യാസ കാലക്ഷേപം -** മൂലഗ്രന്ഥ വ്യാഖ്യാന പ്രഭാഷാണം കേട്ടു സംസയമില്ലാത്തെ മനസ്സിലാക്കുന്നതെ പൊഴുതുപോക്കയി കൈക്കൊള്ളുക. ഒരുപാട് ഡിജിറ്റൽ മാധ്യമങ്ങൾ ഈക്കാര്യം വളരെ ലഘുവാക്കി. ഡിജിറ്റൽ ഉപയോഗിച്ചാലും നേരിട്ടു പഠിക്കുമ്പോൾ കാണിക്കുന്ന ബഹുമാനം, വസ്ത്രം മുതലായ ആചാരങ്ങളോടെത്തന്നെ കേൾക്കുക.
- **കൈങ്കര്യ മോഹം -** സേവായില്ലെങ്കില് സേവാർത്തിയാകുന്നതെങ്ങനെ? എംബെരുമാൻ, ആഴ്വന്മാർ, ആചാര്യന്മാർ ഇങ്ങിനെ ആർക്കെങ്കിലും ശാരീരികമായോ ധനപരമായോ ബുദ്ധി പൂര്വമായോ എന്തെങ്കിലും കൈങ്കര്യം ചെയ്യുന്നത് ഭഗവദ് ഭാഗവത സ്മരണയിൽ നമ്മെ ഉറപ്പിക്കും.
- **കൂടിയിരുന്നു ആസ്വദിക്കുക -** എംബെരുമാൻ ആഴ്വാർ ആചാര്യ വിഷയങ്ങളെ ശ്രീവൈഷ്ണവന്മാർ തമ്മിൽ പറഞ്ഞും കേട്ടും രസിച്ചും തക്ക ഗുരുവിടത്തിൽ പഠിച്ചും ആനന്ദിക്കുക.
- **എപ്പോഴെപ്പോഴും പരമപദം നോക്കിയിരിക്കുക -** ഇതാണ് ആത്മാവിനെ പറ്റിയ ലക്ഷ്യം. ആഴ്വാർ ആചാര്യന്മാരും ജീവിച്ചോളം അങ്ങേയല്ലേ കഴിഞ്ഞത്? അതുപോലെത്തന്നെ.

സംഗ്രഹം

ശ്രീശൈലേശദയാപാത്രം ധീഭക്ത്യാദിഗുണാർണവം |
യതീന്ദ്രപ്രവണം വന്ദേ രമ്യജാമാതരം മുനിം ||

തിരുമലൈ ആഴ്വാർ എന്ന തിരുവായ്മൊഴി പിള്ളയുടെ കൃപയ്ക്ക് പാത്രമായവരും ജ്ഞാനം ഭക്തി മുതലായ സത് ഗുണങ്ങളുടെ സമുദ്രവും എംബെരുമാനാരിടത്തു പ്രാവീണ്യം ഉള്ളവരുമായ അഴകിയ മണവാള മാമുനികളെ കൂപ്പുന്നു.

- ശ്രീ വൈഷ്ണവമറിയാൻ താഴെയുള്ള കണ്ണികൾ സഹായിക്കാം. ഇനിയും കൂടുതൽ അറിയണമെങ്കിൽ ദയവായി ഞങ്ങളെയറിയിക്കുക. ആവശ്യമുള്ളതൊക്കെ ചെയ്യാൻ സേവാർത്തികൾ തയ്യാറാണു.
- എല്ലാക്കണ്ണികളിലും വിവിധ ഭാഷകളിൽ വിഷയങ്ങളുണ്ട്. മാതൃ ഭാഷയാകുമ്പോൾ ഈകാര്യങ്ങൾ എനിക്കു വളരെ എളുപ്പം മനസ്സിലാക്കാൻ കഴിയുന്നു. നിങ്ങൾക്കും അങ്ങനെയാകാം.

പൊതുവായവ:

  - http://koyil.org/?page_id=1205 – ശ്രീവൈഷ്ണവ സര്വസ്വം

- http://acharyas.koyil.org – ഗുരു പരമ്പര - ആഴ്വാരാചാര്യന്മാരുടെ ചരിത്രവൈഭവങ്ങൾ.
- http://divyaprabandham.koyil.org – ദിവ്യ പ്രബന്ധങ്ങളെപ്പറ്റി
- http://pillai.koyil.org/ – ഉണ്ണികൾക്കായി ശ്രീവൈഷ്ണവം
- http://githa.koyil.org – ശ്രീമദ് ഭഗവദ്ഗീത വിഭാഗം
- http://srivaishNavagranthams.wordpress.com – ശ്രീവൈഷ്ണവ സമ്പ്രദായ പുസ്തകങ്ങൾ
- http://ponnadi.blogspot.in – ശ്രീവൈഷ്ണവ ഭഗവദ് വിഷയ സാമ്പ്രദായിക ലേഖനങ്ങൾ

മുഖ്യ സിദ്ധാന്തങ്ങൾ

- വായന സൂചിക – https://srivaishnavagranthamsmalayalam.wordpress.com/2017/11/29/simple-guide-to-srivaishnavam-readers-guide
- പൂർവാചാര്യ ഗ്രന്ഥാവളി – https://srivaishnavagranthams.wordpress.com/purvacharya-literature/
- രഹസ്യത്രയം – https://srivaishnavagranthamsmalayalam.wordpress.com/2019/03/02/simple-guide-to-srivaishnavam-rahasya-thrayam
- അർത്ഥ പഞ്ചകം – https://srivaishnavagranthamsmalayalam.wordpress.com/2019/03/16/simple-guide-to-srivaishnavam-artha-panchakam/
- തത്വത്രയം – http://ponnadi.blogspot.in/p/thathva-thrayam.html
- വിരോധി പരിഹാരങ്ങൾ (തടസ്സ നിവർത്തി) - http://ponnadi.blogspot.in/p/virodhi-pariharangal.html
- എംബെരുമാനാർ മഹത്വവും പ്രാധാന്യവും – http://ponnadi.blogspot.in/p/charamopaya-nirnayam.html
- ആചാര്യന് പൂർണ്ണമായ വിശ്വാസം – http://ponnadi.blogspot.in/p/anthimopaya-nishtai.html
- ശ്രീവൈഷ്ണവ ലക്ഷണം – http://ponnadi.blogspot.in/p/srivaishnava-lakshanam.html

ലഘുവായി ക്രമങ്ങളും ആചാരങ്ങളും

- നിത്യ അനുഷ്ഠാന പദ്ധതി – http://ponnadi.blogspot.in/p/anushtanam.html
- തിരുവാരാധന ക്രമം

        - ഇങ്ങിലീഷ് – http://ponnadi.blogspot.in/2012/07/srivaishNava-thiruvaaraadhanam.html
        - തമിഴ്- http://srivaishNavagranthamstamil.wordpress.com/2013/12/13/srivaishNava-thiruvaaraadhanam/ஸ்ரீவைஷ்ணவ திருவாராதனம்
        - തെലുങ്ക് http://srivaishNavagranthamstelugu.wordpress.com/2014/02/03/srivaishNava-thiruvaaraadhanam/
    - അനദ്ധ്യയന കാലവും ഉത്സവും
        - ഇങ്ങിലീഷ് – http://ponnadi.blogspot.in/2013/11/anadhyayana-kalam-and-adhyayana-uthsavam.html
        - തമിഴ് – http://srivaishNavagranthamstamil.wordpress.com/2013/12/02/anadhyayana-kalam-and-adhyayana-uthsavam/
        - ഹിന്ദി – http://srivaishNavagranthamshindi.wordpress.com/2013/11/29/anadhyayana-kalam-adhyayana-uthsav/
    - ശ്രീവൈഷ്ണവോൽസവങ്ങൾ – http://koyil.org/index.php/srivaishnava-uthsavams/
- ഈ ലേഖനമാല ഇവിടെ പൂർത്തിയായി.

ശ്രീമതേ രമ്യജാമാതൃ മുനിന്ദ്രായ മഹാത്മനേ|
ശ്രീരംഗവാസിനേ ഭൂയാത് നിത്യശ്രീ: നിത്യ മംഗളം||

ശ്രീരംഗവാസിയായ മഹാത്മാവ് ശ്രീമാൻ അഴകിയ മണവാള മാമുനികളേ! അങ്ങേയ്ക്കു എന്നെന്നേക്കും ശ്രീയും മംഗളവും നേരുന്നു!